15
ശനി
ഒക്ടോബർ 2022
1198 കന്നി 29
Vol 4 Issue No 294

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

# KSRTC ബസിലെ പരസ്യം നിയമവിരുദ്ധം

## രൂപമാറ്റം വരുത്തിയ വാഹനങ്ങൾ നിരത്തിലിറക്കരുത് – ഹൈക്കോടതി




**കൊച്ചി:** കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം പതിക്കുന്നത് നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ ഏകീകൃത കളർ കോഡ് പാലിക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കണമെന്നും കോടതി നിർദേശിച്ചു. ടൂറിസ്റ്റ് ബസുകൾക്ക് ഏകീകൃത നിറം കൊണ്ടുവരാൻ കൂടുതൽ സമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഉടമകളുടെ ഹർജി ഹൈക്കോടതി തള്ളി. കൂടതൽ സമയം നൽകാനാകില്ല എന്നാണ് ഹൈക്കോടതി വ്യക്തമാക്കിയത്.

ടൂറിസ്റ്റ് ബസുകൾക്ക് ഏകീകൃത കളർ കോഡ് കൊണ്ടുവരുന്ന സാഹചര്യത്തിൽ ഇതിൽ നിന്ന് വിഭിന്നമായി കെ.എസ്. ആർ.ടി.സി. ബസുകളിൽ ഉൾപ്പെടെ പരസ്യം പതിച്ചിരിക്കുന്നത് നിയമവിരുദ്ധമാണെന്നാണ് ഹൈക്കോടതി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും വാഹനങ്ങൾക്ക് നിലവിലുള്ള കളർ കോഡ് മാറ്റാനാകില്ല. ഇത് പരിഗണിക്കിമ്പോൾ കെ.എസ്. ആർ.ടി.സി ബസിൽ ഉൾപ്പെടെ പരസ്യം പതിച്ചിരിക്കുന്നത് നിയമവിരുദ്ധമാണെന്നും കോടതി പറഞ്ഞു.

വാഹന പ്രദർശനങ്ങളിൽ രൂപമാറ്റം വരുത്തിയ വാഹനങ്ങൾ ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്നും ഹൈക്കോടതി വ്യക്തമാക്കി. മലപ്പുറത്തെ ഒരു കോളേജിൽ അടുത്ത കാലത്ത് നടന്ന ഓട്ടോ ഷോയുടെ ദൃശ്യങ്ങളും കോടതി പരിശോധിച്ചു. ഈ ഓട്ടോ ഷോയിൽ നിയമവിരുദ്ധമായി രൂപമാറ്റം വരുത്തിയ വാഹനങ്ങൾ പ്രദർശിപ്പിച്ചിരുന്നു. ഇതിനെതിരായ പരാതി ലഭിച്ച സാഹചര്യത്തിലാണ് കോടതി ഇത് പരിശോധിച്ചത്.

വടക്കഞ്ചേരി ബസ് അപകടത്തിൽ സ്കൂൾ അധികൃതർക്കും വീഴ്ചയുണ്ടായതായാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിലയിരുത്തൽ. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത ടൂറിസ്റ്റ് ബസാണ് വിനോദ സഞ്ചാരത്തിന് ഉപയോഗിച്ചത്. ഇതാണ് സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയെന്ന് കോടതി ചൂണ്ടിക്കാണിച്ചു.



# PPE കിറ്റ് മൂന്നിരട്ടി വിലയ്ക്ക് വാങ്ങിയെന്ന കേസ് : കെ.കെ ശൈലജയ്ക്കെതിരെ അന്വേഷണത്തിന് ഉത്തരവ്



**തിരുവനന്തപുരം:** കോവിഡ് കാലത്ത് പിപിഇ കിറ്റുകൾ അടക്കമുള്ളവ വാങ്ങിയതുമായി ബന്ധപ്പെട്ട കേസിൽ മുൻ ആരോഗ്യമന്ത്രി കെ കെ ശൈലജയ്ക്കെതിരെ അന്വേഷണത്തിന് ലോകായുക്ത ഉത്തരവ്. ലോകായുക്ത പ്രാഥമിക അന്വേഷണം നടത്തിയതിന് ശേഷമാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. വിഷയത്തിൽ കെ കെ ശൈലജ, കെഎംസിഎൽ ജനറൽ മാനേജർ ഡോക്ടർ ദിലീപ് അടക്കമുള്ളവർക്ക് ലോകായുക്ത നോട്ടീസയച്ചു.

ഒരു മാസത്തിനകം നോട്ടീസിന് മറുപടി നൽകണം. കോവിഡ് കാലത്ത് മൂന്നിരട്ടി വിലയ്ക്ക് പിപിഇ കിറ്റ് വാങ്ങിയ കേസിലാണ് ലോകായുക്ത അന്വേഷണത്തിന് ഉത്തരവിട്ടത്. കോൺഗ്രസ് പ്രവർത്തക വീണ എസ് നായരുടെ ഹർജിയിലാണിത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കോവിഡിന്റെ തുടക്കത്തിൽ പിപിഇ കിറ്റ്, ഗ്ലൗസ്, ഇൻഫ്രാറെഡ് തെർമോമീറ്റർ എന്നിവ അടക്കമുള്ള സാധനങ്ങൾ വാങ്ങിയതിൽ അഴിമതി നടന്നുവെന്നാണ് ആരോപണം. കുറഞ്ഞ വിലയ്ക്ക് ഇവ നൽകാൻ തയ്യാറായ കമ്പനികളെ ഒഴിവാക്കി വൻ തുകയ്ക്ക് വാങ്ങുകയായിരുന്നുവെന്നാണ് ആരോപണം

# മാവോയിസ്റ്റ് ബന്ധം ആരോപിച്ചുള്ള കേസ്: ജി.എൻ സായിബാബ കുറ്റവിമുക്തൻ; ഉടൻമോചിപ്പിക്കണമെന്ന് കോടതി

**നാഗ്പുർ:** മാവോയിസ്റ്റ് ബന്ധം ആരോപിച്ചുള്ള കേസിൽ ഡൽഹി സർവകലാശാല മുൻ പ്രൊഫസർ ജി.എൻ. സായിബാബയെ കുറ്റവിമുക്തനാക്കി. ബോംബെ ഹൈക്കോടതിയുടെ നാഗ്പുർ ബെഞ്ചാണ് ഉത്തരവിട്ടത്. അദ്ദേഹത്തെ ഉടൻ ജയിൽ മോചിതനാക്കണമെന്നും കോടതി നിർദേശിച്ചു.2017-ൽ വിചാരണക്കോടതി സായിബാബയെ കുറ്റക്കാനാണെന്ന് കണ്ടെത്തി ജീവപര്യന്തം തടവിന് വിധിച്ചിരുന്നു. ഇത് ചോദ്യംചെയ്തുകൊണ്ട് സായിബാബ സമർപ്പിച്ച അപ്പീലിലാണ് ബോംബെ ഹൈക്കോടതി അദ്ദേഹത്തെ വെറുതേവിട്ടത്. ജസ്റ്റിസുമാരായ രോഹിത് ദിയോ, അനിൽ പൻസാരെ എന്നിവരുടെ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

ശാരീരിക അവകതകളെ തുടർന്ന് വീൽചെയറിലായ ജി.എൻ. സായിബാബ നിലവിൽ നാഗ്പുർ സെൻട്രൽ ജയിലിൽ തടവിലാണ്. കേസിൽ നേരത്തെ വിചാരണക്കോടതി കുറ്റക്കാരായി കണ്ടെത്തിയ മറ്റു അഞ്ചുപേരെയും ഹൈക്കോടതി വെറുതെവിട്ടിട്ടുണ്ട്. ഇതിൽ ഒരാൾ അപ്പീൽ ഹർജിയിൽ വാദംകേൾക്കുന്നതിനിടെ മരിച്ചു. ഇവർ മറ്റേതെങ്കിലും കേസുകളിൽ പ്രതികളല്ലെങ്കിൽ ഉടൻ ജയിൽ മോചിതരാക്കണമെന്നാണ് കോടതി നിർദേശിച്ചിരിക്കുന്നത്. മാവോയിസ്റ്റ് ബന്ധവും രാജ്യവിരുദ്ധ പ്രവർത്തനങ്ങളും



ചുമത്തിയുള്ള കേസിൽ സായിബാബയും ഒരു മാധ്യമ പ്രവർത്തകനും ജെഎൻയുവിലെ ഒരു വിദ്യാർഥിയും ഉൾപ്പടെയുള്ളവരെ 2017-ൽ മഹാരാഷ്ട്രയിലെ ഗഡ്ചിറോളി സെഷൻസ് കോടതിയാണ് ശിക്ഷിച്ചത്. യുഎപിഎ അടക്കമുള്ള വകുപ്പുകൾ ഇവർക്കെതിരെ ചുമത്തിയിരുന്നു.

# ഹിമാചൽ പ്രദേശ് തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചു; നവംബർ 12ന് വോട്ടെടുപ്പ്, വോട്ടെണ്ണൽ ഡിസംബർ എട്ടിന്

**ന്യൂഡൽഹി:** ഹിമാചൽ പ്രദേശിലെ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചു. ഒറ്റഘട്ടമായാണ് ഇത്തവണ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുകയെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു.

നവംബർ 12നാകും ഹിമാചലിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ ഡിസംബർ എട്ടിനാകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാർ അറിയിച്ചു. ഒക്ടോബർ 17നാണ് തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുക. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചാകും തിരഞ്ഞെടുപ്പ്. സുരക്ഷിതമായ തിരഞ്ഞെടുപ്പിനായി മാർഗനിർദേശങ്ങൾ പുതുക്കി. വോട്ടിംഗ് ശതമാനം ഉയർത്താൻ നടപടിയുണ്ടാകും.

അതേസമയം ഗുജറാത്തിലെ തിരഞ്ഞെടുപ്പ് തീയതികൾ ഇന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ പ്രഖ്യാപിച്ചില്ല. ഹിമാചൽ തിരഞ്ഞെടുപ്പിന് ഒക്ടോബർ 25 മുതൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. സൂക്ഷ്മ പരിശോധന 27നാണ്. ഈ മാസം 29ന് മുൻപ് പത്രിക പിൻവലിക്കാം. ഇനിമുതൽ വർഷത്തിൽ നാലുതവണ വോട്ടർ പട്ടിക പുതുക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കമ്മിഷൻ അറിയിച്ചു. മാതൃകാ പെരുമാറ്റ ചട്ടം നിലനിൽക്കുന്ന ദിവസങ്ങൾ ഇത്തവണ കുറച്ചിട്ടുണ്ട്. 70 ദിവസങ്ങളിൽ നിന്നും 57 ദിവസമായാണ് ഇത്തവണ കുറച്ചത്. ഹിമാചലിൽ ആകെ 68 സീറ്റുകളാണുള്ളത്. 44 സീറ്റുകളിൽ ബിജെപയും 21 സീറ്റുകളിൽ കോൺഗ്രസും ഒരു സീറ്റിൽ സിപിഎം എന്നിങ്ങനെയാണ് നിലവിലെ പ്രധാന കക്ഷിനില. കോൺഗ്രസിനും ബിജെപിയ്ക്കും മാറിമാറി ഭരണം നൽകിയ ചരിത്രമാണ് ഹിമാചലിലുള്ളത്. ആകെ 55,07,261 വോട്ടർമാരാണ് ഹിമാചലിലുള്ളത്.

# അടുത്തിടെ കേരളം കണ്ട ഏറ്റവും വലിയ വേട്ട, എട്ടംഗ സംഘം വെടിവച്ചു കൊന്നത് 42 കാട്ടുപന്നികളെ

**ഷൊർണൂർ:** കണയം പ്രദേശത്ത് കൃഷി നശിപ്പിച്ചിരുന്ന 42 കാട്ടുപന്നികളെ വെടിവച്ചു കൊന്നു.

### ആശാൻ

PPE കിറ്റ് മൂന്നിരട്ടി വിലയ്ക്ക് വാങ്ങിയെന്ന കേസ് : കെ.കെ ശൈലജയ്ക്കെതിരെ അന്വേഷണത്തിന് ഉത്തരവ്



അവാർഡ് കിട്ടിയകാര്യം മറന്നോ?

ചൊവാഴ്ച്ച പുലർച്ചെ തുടങ്ങിയ ദൗത്യം വൈകിട്ട് 3.30 വരെ നീണ്ടു.

എം പാനൽ ലിസ്റ്റ് അംഗം എം.എം സകീർ ഹുസൈന്റെ നേതൃത്വത്തിലുള്ള എട്ടംഗ സംഘമാണ് പന്നികളെ വെടിവച്ചു കൊന്നത്. ഒരാഴ്ചയ്ക്ക് മുൻപ് കർഷകരുടെ ആവശ്യപ്രകാരം ഒന്നാം വാർഡ് കൗൺസിലർ ഫാത്തിമത്ത് ഫർസാന നഗരസഭാ ചെയർമാൻ എം.കെ ജയപ്രകാശിന് നിവേദനം നൽകിയിരുന്നു. ചെയർമാൻ നഗരസഭാ സെക്രട്ടറിയെ അറിയിച്ചു. തുടർ നടപടിയായാണ് കൃഷി വ്യാപകമായി നശിപ്പിച്ചിരുന്ന പന്നിക്കൂട്ടങ്ങളെ വെടിവച്ച് കൊന്നത്.

ഡി.എഫ്.ഒയുടെ പാനാലിൽ ഉൾപ്പെട്ട തോക്ക് ലൈസൻസികളായ അബ്ബാസ് കരിങ്കറ, വാസുദേവൻ, ശ്രീനാഥ് എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു. നഗരസഭാ ചെയർമൻ എം.കെ ജയപ്രകാശ്, അംഗം ഫാത്തിമത്ത് ഫർസാന, കർഷകരായ രാമൻ, മൊയ്തു, അജു, റഷീദ്, ഹെൽത്ത് വിഭാഗം ജീവനക്കാരായ കിരൺകുമാർ, സുചിത്ര, ശാലിനി വർഗീസ്, എന്നിവർ സ്ഥലത്തെത്തിയിരുന്നു.



# ഇന്ന് 7–ാം ചരമദിനം

## 15–10–2022




ഗവൺമെന്റ് ഹോമിയോ (റിട്ട.) മെഡിക്കൽ ഓഫീസർ ഡോ. പി.എ. പരിമള കുമാരിയാണ് ഭാര്യ. മക്കൾ: തൻവീർ എം. സലിം (ഫ്ളേവറി, പാലാരിവട്ടം), തസ്‌വീർ എം. സലിം (ദുബൈ).

**വേദനയോടെ കേരളപ്രണാമം കുടുംബം**

കേരള പ്രണാമം
editorialkeralapranamam@gmail.com
സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ




മഹാത്മാ ഗാന്ധി

# കേരളത്തിന്റെ കായിക വളർച്ച താഴോട്ടോ?

ബർമിങാം കോമൺവെൽത്ത് ഗെയിംസ് കേരളത്തിന് അഭിമാന നേട്ടത്തിന്റേതായിരുന്നു. ട്രിപ്പിൾ ജംപിലും ലോങ്ജംപിലും മലയാളി താരങ്ങൾ സ്വന്തമാക്കിയ ചരിത്രനേട്ടത്തിന്റെ ആഹ്ളാദമധുരം നുണയുമ്പോൾ തന്നെയാണ് ദേശീയ ഗെയിംസിൽ, പ്രത്യേകിച്ച് അത്‌ലറ്റിക്സിൽ കേരളത്തിന്റെ നിരാശാജനകമായ പ്രകടനം ഉണ്ടായത്. കേരളത്തിന്റെ കായികരംഗത്തിന് എന്തു പറ്റിയെന്ന ചോദ്യം ഉയരാൻ ഇത് ഇടയാക്കി. കോവിഡിൽ തളർന്ന നാടിനൊപ്പം കായികവളർച്ചയ്ക്കും മുരടിപ്പ് ബാധിച്ചുവെന്ന് അനുമാനിക്കേണ്ടിവരും. സ്പോർസ് കൗൺസിലും അത്‌ലറ്റിക് അസോസിയേഷനും കായിക മന്ത്രിയുമെല്ലാം രംഗത്തുണ്ടെങ്കിലും കായിക വളർച്ചയ്ക്കുവേണ്ടി ചിട്ടയായ പദ്ധതികളോ ജേതാക്കൾക്ക് അർഹമായ അംഗീകാരമോ പ്രോത്സാഹനമോ ഇല്ലാതെ കേരളം പിന്നോട്ടുപോയതിന്റെ അടയാളമാണ് ദേശീയ ഗെയിംസിലെ മോശം പ്രകടനം. ഗുജറാത്തിലെ അഹമ്മദാബാദിൽ സമാപിച്ച ഗെയിംസിൽ 61 സ്വർണവും 35 വെള്ളിയും 32 വെങ്കലവുമായി 128 മെഡലുകൾ സ്വന്തമാക്കി സർവീസസ് കീരിടം നിലനിർത്തി. കഴിഞ്ഞ ദേശീയ ഗെയിംസിൽ 54 സ്വർണം ഉൾപ്പെടെ 162 മെഡലുമായി രണ്ടാം സ്ഥാനത്തായിരുന്ന കേരളത്തിന് ഇത്തവണ 23 സ്വർണമടക്കം 54 മെഡലുകളും ആറാം സ്ഥാനവുമാണ് ലഭിച്ചത്. കേരളത്തിന്റെ അക്കൗണ്ടിൽ 108 മെഡലുകൾ കുറഞ്ഞു. അഞ്ചു സ്വർണമടക്കം എട്ടു മെഡലുമായി നീന്തൽക്കുളത്തിൽനിന്ന് കയറിയ സാജൻ പ്രകാശ് ഗെയിംസിലെ മികച്ച പുരുഷതാരമായി തെരഞ്ഞെടുക്കപ്പെട്ടു. തിരിച്ചടിക്കിടയിലും ഇതു നാടിന് അഭിമാനമായി. തുടർച്ചയായ രണ്ടാം തവണയാണ് സാജൻ ഈയൊരു നേട്ടത്തിന് അർഹനാകുന്നത്. കർണാകയുടെ നീന്തൽ താരം ഹഷിക രാമചന്ദ്രയാണ് മികച്ച വനിതാ താരം. കനോയിങ്, കയാക്കിങ്, റോവിങ്, റോളർ സ്കേറ്റിങ്, ഫെൻസിങ്, ജൂഡോ, വോളിബോൾ (ഇരട്ടസ്വർണം) എന്നിവയിൽ കേരളം തങ്ങളുടെ പ്രതാപം കാത്തു. എന്നാൽ, ഫുട്ബോൾ ഫൈനലിൽ ബംഗാളിനോട് എതിരില്ലാത്ത അഞ്ചു ഗോളുകൾക്ക് തോൽക്കേണ്ടിവന്നത് നാണക്കേടായി. അത്‌ലറ്റിക്സിലാണ് കേരളത്തിനു വലിയ തളർച്ച. ഹാട്രിക്ക് ജേതാക്കളും ഒന്നര പതിറ്റാണ്ടായി ഒന്നാംസ്ഥാനം കൈവിടാത്തവരുമായ കേരളത്തിന് അഞ്ചാം സ്ഥാനം മാത്രം. കഴിഞ്ഞ തവണ 13 സ്വർണമടക്കം 34 മെഡൽ കിട്ടിയപ്പോൾ ഇത്തവണ സമ്പാദ്യം മൂന്ന് സ്വർണത്തോടെ 11 മെഡലുകൾ. മിന്നുന്ന പ്രകടനം കാഴ്ചവച്ചിട്ടുള്ള പല ഇനങ്ങളിലും കേരള താരങ്ങൾ ഫൈനലിൽപോലും ഉണ്ടായില്ല. കോമൺവെൽത്ത് ഗെയിംസ് ട്രിപ്പിൾ ജംപിൽ സ്വർണവും വെള്ളിയും നേടി മലയാളി താരങ്ങൾ ചരിത്രം കുറിച്ചത് രണ്ടുമാസം മുമ്പാണ്. എൽദോസ് പോൾ ഒന്നാമനും അബ്ദുള്ള അബൂബക്കർ രണ്ടാമനുമായിരുന്നു. ഇതേ ഗെയിംസിൽ ലോങ്ജംപ് പിറ്റിൽ മുരളി ശ്രീശങ്കർ നടത്തിയ കുതിപ്പ് മറ്റൊരു അവിസ്മരണിയ നേട്ടമായി. 8.08 മീറ്റർ ചാടിയ ശ്രീശങ്കറിനു വെള്ളിയാണ് ലഭിച്ചതെങ്കിലും 44 വർഷത്തിനുശേഷം പുരുഷന്മാരുടെ ലോങ്ജംപിൽ ഒരു ഇന്ത്യക്കാരന്റെ ആദ്യ മെഡൽ നേട്ടമായി ഇതുമാറി. ഇത്തരത്തിൽ ഇന്ത്യക്ക് കരുത്തായിട്ടുള്ള എത്രയോ താരങ്ങളെയാണ് കേരളം സംഭാവന ചെയ്തിട്ടുള്ളത്. ഇവരുടെ നേട്ടം തുടരാൻ കഴിയുന്ന ഭാവി താരങ്ങൾ എവിടെയെന്ന ചോദ്യമാണ് ദേശീയ ഗെയിംസ് കഴിയുമ്പോൾ ഉയരുന്നത്.

ദേശീയ ഗെയിംസ്‌രാജ്യത്തിന്റെ വികാരമായി മാറിയിരുന്ന കാലത്തുനിന്നും അതിന്റെ സംഘാടനത്തിലടക്കം നിലവാരമില്ലായ്മ സംഭവിച്ചിട്ടുണ്ട് രാജ്യത്തെ ഏറ്റവും വലിയ കായികമേള എല്ലാ മികവോടെയും സംഘടിപ്പിക്കേണ്ടത് കേന്ദ്ര സർക്കാരിന്റേയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെയും ഉത്തരവാദിത്വമാണ് മികവു പുലർത്തേണ്ടത് താരങ്ങൾക്കും സംസ്ഥാനങ്ങൾക്കും അഭിമാനപ്രശ്നമായി തോന്നണം. ഒളിമ്പിക്സിന്റെ ദേശീയ പതിപ്പ് ഇങ്ങനെയൊക്കെ മതി എന്നാണെങ്കിൽ കായികവളർച്ച താഴോട്ടുതന്നെയാകും





# ഗ്യാൻവാപി മസ്ജിദ് കേസ്; ശിവലിംഗത്തിന്റെ കാലപ്പഴക്കം നിർണയിക്കാൻ ശാസ്ത്രീയ പരിശോധന പാടില്ല, ഹർജി തള്ളി കോടതി

വാരാണസി: ഗ്യാൻവാപി മസ്ജിദ് സമുച്ചയത്തിലെ കുളത്തിൽ കണ്ടെത്തിയ ശിവലിംഗത്തിന്റെ കാലപ്പഴക്കം നിർണയിക്കാൻ ശാസ്ത്രീയ പരിശോധന നടത്തണമെന്ന ഹർജി കോടതി തള്ളി.

കേസ് പരിഗണിക്കവേ വാരാണസി ജില്ലാ കോടതിയാണ് ഹർജിക്കാരായ ഹിന്ദു വിഭാഗത്തിന്റെ ആവശ്യം തള്ളിയത്. കാർബൺ ഡേറ്റിംഗ് പോലുള്ള പരിശോധനകൾ നടത്തുന്നത് പള്ളിയുടെ ഉൾഭാഗം സീൽ ചെയ്തുകൊണ്ടുള്ള സുപ്രീം കോടതി വിധിയുടെ ലംഘനമാണെന്നും കോടതി പറഞ്ഞു.

നേരത്തെ, കേസിൽ ഹർജിക്കാരായ ഹിന്ദുവിഭാഗത്തിന്റെയും എതിർപക്ഷത്തുള്ള ഗ്യാൻവാപി മസ്ജിദ് കമ്മിറ്റിയുടെയും വാദങ്ങൾ പൂർത്തിയായിരുന്നു. പള്ളി സമുച്ചയത്തിൽ കാർബൺ ഡേറ്റിംഗ് നടത്താനാവില്ലെന്നും അത് സുപ്രീംകോടതി ഉത്തരവിന് വിരുദ്ധമാണെന്നുമാണ് മസ്ജിദ് കമ്മിറ്റി അന്തിമമായി വാദിച്ചത്. തുടർന്നാണ് ജില്ലാ ജഡ്ജി എ.കെ വിശേഷ് ഹർജി തള്ളിയത്.

വാരാണസിയിൽ കാശിവിശ്വനാഥക്ഷേത്രത്തിനോട് ചേർന്നുള്ള ഗ്യാൻവാപി മസ്ജിദിലെ പള്ളിക്കുളത്തിൽ ശിവലിംഗം കണ്ടെത്തിയെന്ന് കോടതി നിർദേശപ്രകാരം സർവേ നടത്തിയ അഭിഭാഷകർ നേരത്തേ അവകാശപ്പെട്ടിരുന്നു. എന്നാലിത് ശിവലിംഗമല്ലെന്നും ജലധാരയുടെ ഭാഗമാണെന്നുമാണ് മസ്ജിദ് കമ്മിറ്റി പറയുന്നത്. തുടർന്നാണ് ശിവലിംഗത്തിൽ പൂജ നടത്താൻ അനുവദിക്കണമെന്നും കാലപ്പഴക്കം നിർണയിക്കാൻ കാർബൺ ഡേറ്റിംഗ് നടത്തണമെന്നും ഹിന്ദുവിഭാഗം കോടതിയിൽ ഹർജി നൽകിയത്.

മസ്ജിദ് സമുച്ചയത്തിലെ പടിഞ്ഞാറെ മതിലിനടുത്തുള്ള വിഗ്രഹങ്ങളിൽ നിത്യാരാധന അനുവദിക്കണമെന്നാവശ്യപ്പെട്ട് അഞ്ച് ഹിന്ദുസ്ത്രീകൾ സമർപ്പിച്ചതാണ് പ്രധാന ഹർജി. ഈ ഹർജി ആദ്യം പരിഗണിച്ച വാരാണസി സിവിൽ കോടതിയാണ് കഴിഞ്ഞ മേയ് 16ന് ഗ്യാൻവാപി മസ്ജിദിൽ സർവേ നടത്താൻ അഭിഭാഷകകമ്മിഷനെ നിയോഗിച്ചത്. തുടർന്ന് സുപ്രീംകോടതിയുടെ ഇടപെടലിനെത്തുടർന്നാണ് കേസ് സിവിൽ കോടതിയിൽനിന്ന് ജില്ലാ കോടതിയിലേക്കു മാറ്റിയത്



# ബഫർ സോൺ: കേരളത്തിന്റെ ഹർജി ഏത് ബെഞ്ച് പരിഗണിക്കണമെന്നതിൽ സുപ്രീംകോടതിക്ക് സംശയം

ന്യൂഡൽഹി: വന്യജീവി സങ്കേതങ്ങൾക്കും ദേശീയ സംരക്ഷിത ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ മുതൽ ചുറ്റളവിൽ ബഫർ സോൺ നിർബന്ധമാക്കിക്കൊണ്ടുള്ള വിധിക്കെതിരേ കേരളം നൽകിയ പുനഃപരിശോധന ഹർജി സുപ്രീംകോടതിയുടെ ഏത് ബെഞ്ച് പരിഗണിക്കണമെന്ന കാര്യത്തിൽ അവ്യക്തത. വനം-പരിസ്ഥിതി കേസുകൾ പരിഗണിക്കുന്ന പ്രത്യേക ബെഞ്ചിന് പുനഃപരിശോധന ഹർജി പരിഗണിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ ജസ്റ്റിസ് ബി.ആർ.ഗവായ് അധ്യക്ഷനായ ബെഞ്ച് സംശയം പ്രകടിപ്പിച്ചു. ബഫർ സോൺ വിധിയിൽ ഭേദഗതി ആവശ്യപ്പെട്ട് കേന്ദ്രം നൽകിയ അപേക്ഷ പരിഗണിക്കുമ്പോൾ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാമെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

സുപ്രീംകോടതിയുടെ ചട്ടങ്ങൾ പ്രകാരം കേസിൽ വിധി പറഞ്ഞ ബെഞ്ചാണ് പുനഃപരിശോധന ഹർജി പരിഗണിക്കേണ്ടത്. ബഫർ സോൺ നിർബന്ധമാക്കിക്കൊണ്ടുള്ള വിധി പ്രസ്താവിച്ചത് ജസ്റ്റിസുമാരായ എൽ.നാഗേശ്വർ റാവു, ബി.ആർ.ഗവായ്, അനിരുദ്ധ ബോസ് എന്നിവരടങ്ങിയ ബെഞ്ചാണ്. ഇതിൽ എൽ.നാഗേശ്വർ റാവു വിരമിച്ചു. എന്നാൽ, ബി.ആർ.ഗവായിയും അനിരുദ്ധ ബോസും സുപ്രീം കോടതി ജഡ്ജിമാരായി തുടരുകയാണ്. ചട്ടങ്ങൾ പ്രകാരം ഇവർക്കൊപ്പം മൂന്നാമത് ഒരു ജഡ്ജിയെക്കൂടി ഉൾപ്പെടുത്തി ചീഫ് ജസ്റ്റിസ് ബെഞ്ച് പുനഃസംഘടിപ്പിക്കണം. തുടർന്ന് പുനഃപരിശോധന ഹർജി ചേമ്പറിലാണ് പരിഗണിക്കേണ്ടത്. ഇക്കാര്യമാണ് ജസ്റ്റിസ് ബി.ആർ.ഗവായ്, സൂര്യ കാന്ത്, ജെ.ബി.പർഡിവാല എന്നിവർ അടങ്ങിയ ബെഞ്ച് ചൂണ്ടിക്കാട്ടിയത്.

എന്നാൽ, പുനഃപരിശോധന ഹർജി തുറന്ന കോടതിയിൽ പരിഗണിക്കാനാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ പ്രത്യേക അപേക്ഷ നൽകിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിന്റെ സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്തയും സ്റ്റാന്റിംഗ് കോൺസൽ നിഷേ രാജൻ ഷൊങ്കറും കോടതിയിൽ ചൂണ്ടിക്കാട്ടി. പുനഃപരിശോധന ഹർജി വനം-പരിസ്ഥിതി കേസുകൾ പരിഗണിക്കുന്ന ബെഞ്ചാണ് പരിഗണിക്കേണ്ടതെന്നും ഇരുവരും ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ചീഫ് ജസ്റ്റിസല്ലേ തീരുമാനം എടുക്കേണ്ടതെന്ന് ജസ്റ്റിസ് ഗവായ് ആരാഞ്ഞു.

ബഫർ സോൺ നിർബന്ധമാക്കിക്കൊണ്ടുള്ള വിധിയിലെ ചില ഖണ്ഡികൾ ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് അമിക്കസ്ക്യൂറി കെ.പരമേശ്വർ വ്യക്തമാക്കി. കേന്ദ്ര സർക്കാരിന്റെ അപേക്ഷ വിധി പുനഃപരിശോധിക്കാൻ ആവശ്യപ്പെടുന്നത് തുല്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇതേത്തുടർന്നാണ് കേന്ദ്ര സർക്കാരിന്റെ അപേക്ഷ പരിഗണിക്കുമ്പോൾ കേരളത്തിന്റെ പുനഃപരിശോധന ഹർജി ഏത് ബെഞ്ച് പരിഗണിക്കുമെന്ന് തീരുമാനിക്കാമെന്ന് സുപ്രീംകോടതി വ്യക്തമാക്കിയത്.

## കുന്നപ്പിള്ളിയ്ക്കെതിരെ നടപടിയ്ക്ക് തന്റെ അനുമതി വേണ്ടെന്ന് സ്പീക്കർ

തിരുവനന്തപുരം: എൽദോസ് കുന്നപ്പിള്ളിൽ എംഎൽഎയ്ക്കെതിരായ നിയമനടപടിയ്ക്ക് സ്പീക്കറുടെ അനുമതി ആവശ്യമില്ലെന്ന് സ്പീക്കർ എ.എൻ ഷംസീർ.

നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണെന്നും നിയമം നിയമത്തിന്റെ വഴിയ്ക്ക് പോകുമെന്നും സ്പീക്കർ പ്രതികരിച്ചു. പ്രോസിക്യൂട്ട് ചെയ്യുന്നതിന് സ്പീക്കറുടെ അനുമതി ആവശ്യമില്ല. അറസ്റ്റിന് ശേഷം സ്പീക്കറെ അറിയിക്കണമെന്നാണ് സുപ്രീംകോടതി അറിയിച്ചിട്ടുള്ളത്. ജനപ്രതിനിധികൾ പൊതുവെ പാലിക്കേണ്ട ചില നിയമങ്ങളുണ്ട് അത് പാലിച്ചില്ലെങ്കിൽ നിയമം നിയമത്തിന്റെ വഴിക്ക് പോകും. സ്പീക്കർ പറഞ്ഞു.

അതേസമയം കോൺഗ്രസ് ഉയർത്തിപ്പിടിക്കുന്നത് സ്ത്രീപക്ഷ നിലപാടാണെന്നും എൽദോസ് കുന്നപ്പിള്ളിയെ ഫോണിൽ വിളിച്ചിട്ട് കിട്ടുന്നില്ലെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ മാദ്ധ്യമങ്ങളോട് പ്രതികരിച്ചു. സ്ത്രീപക്ഷ നിലപാട് തന്നെ കോൺഗ്രസ് ഉയർത്തിപ്പിടിക്കുമെന്നും വി.ഡി സതീശൻ അറിയിച്ചു.

തന്നെ പീഡിപ്പിച്ചെന്ന അദ്ധ്യാപികയായ യുവതിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ എൽദോസ് കുന്നപ്പിള്ളിൽ എം.എൽ.എയ്ക്കെതിരെ ജില്ലാ ക്രൈംബ്രാഞ്ച് ബലാത്സംഗ കുറ്റംകൂടി ചുമത്തിയിരുന്നു. യുവതിയുടെ വീട്ടിൽ അതിക്രമിച്ച് കയറിയതിനും ദേഹോപദ്രവം ഏൽപ്പിച്ചതിനും തട്ടിക്കൊണ്ടുപോയതിനും നേരത്തെ ജാമ്യമില്ലാ വകുപ്പുകൾപ്രകാരം കേസെടുത്തിരുന്നു.

അതേസമയം, അന്വേഷണസംഘത്തിന് എം.എൽ.എയെ ഇതുവരെ കണ്ടെത്താനായിട്ടില്ല. എം.എൽ.എയുടെ പി.എയുടേയും സുഹൃത്തിന്റേയും ഫോണുകളും സ്വിച്ച് ഓഫാണ്. ഇവരെ ബന്ധപ്പെടാനുള്ള ശ്രമം അന്വേഷണസംഘം തുടരുന്നുണ്ട്. കുന്നപ്പിള്ളിയുടെ മുൻകൂർ ജാമ്യാപേക്ഷ കോടതി ഇന്നാണ് പരിഗണിക്കുക.

# സുരേഷ് ഗോപി ബി.ജെ.പി. സംസ്ഥാന കോർ കമ്മിറ്റിയിലേക്ക്; നീക്കം മോദിയുടെ താൽപര്യപ്രകാരം

തിരുവനന്തപുരം: സുരേഷ് ഗോപിയെ ബി.ജെ.പി. സംസ്ഥാന കോർ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയേക്കും. കോർ കമ്മിറ്റി വിപുലപ്പെടുത്താൻ കേന്ദ്രനേതൃത്വം സംസ്ഥാന ഘടകത്തോട് നിർദേശിച്ചിരുന്നു. പാർട്ടി പ്രവർത്തനത്തിൽ സുരേഷ് ഗോപിയുടെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് നീക്കം.

സംസ്ഥാന ബി.ജെ.പി. നേതൃത്വത്തിലേക്ക് സുരേഷ് ഗോപിയെ ഉൾപ്പെടുത്തണമെന്ന ആവശ്യം കേന്ദ്രനേതൃത്വത്തിന് മുൻപേ തന്നെ ഉണ്ടായിരുന്നു. അതിനാലാണ് സംസ്ഥാനത്തെ കോർ കമ്മിറ്റി വിപുലീകരിക്കാനുള്ള അനുമതി ദേശീയ അധ്യക്ഷൻ സംസ്ഥാന അധ്യക്ഷന് നൽകിയിരുന്നത്.

കഴിഞ്ഞ ദിവസം കോട്ടയത്ത് ചേർന്ന സംസ്ഥാന കോർ കമ്മിറ്റി യോഗത്തിൽ, സംസ്ഥാന കോർ കമ്മിറ്റി വിപുലീകരിക്കാൻ അനുമതി ലഭിച്ച കാര്യം വിശദീകരിക്കപ്പെട്ടിരുന്നു. കോർ കമ്മിറ്റിയിലേക്ക് ഉൾപ്പെടുത്തേണ്ട പേരുകൾ സംസ്ഥാന അധ്യക്ഷനും സംഘടനാ സെക്രട്ടറിയും ചേർന്ന് തീരുമാനിക്കുകയും ചെയ്തു. ഇതനുസരിച്ച് തയ്യാറാക്കിയ പട്ടികയിൽ സുരേഷ് ഗോപിയുടെ പേര് ഉൾപ്പെടുത്തി ദേശീയ അധ്യക്ഷന് കൈമാറിയിട്ടുണ്ടെന്നാണ് വിവരം.

സുരേഷ് ഗോപി ബി.ജെ.പിയുടെ സംസ്ഥാന കോർ കമ്മിറ്റിയിലേക്കെത്തുന്ന കാര്യത്തിൽ ഇനി കേന്ദ്രനേതൃത്വത്തിന്റെ ഔദ്യോഗിക അറിയിപ്പു മാത്രമേ ഉണ്ടാകേണ്ടതുള്ളൂ. ദേശീയ നേതൃത്വമാണ് ഇക്കാര്യം ഔദ്യോഗികമായി പ്രഖ്യാപിക്കേണ്ടതും തീരുമാനിക്കേണ്ടതും. പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ളവരുടെ താൽപര്യം മാനിച്ചാണ് സംസ്ഥാന നേതൃത്വം സുരേഷ് ഗോപിയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പട്ടിക ദേശീയ നേതൃത്വത്തിന് കൈമാറിയിരിക്കുന്നതെന്നാണ് വിവരം.

കഴിഞ്ഞതവണ പ്രധാനമന്ത്രി നരേന്ദ്ര മോദി കൊച്ചിയിൽ എത്തിയപ്പോൾ ബി.ജെ.പി. സംസ്ഥാന കോർ കമ്മിറ്റി യോഗം ചേർന്നിരുന്നു. പതിവുമുഖങ്ങൾക്കു പകരം പുതുമുഖങ്ങൾ വരേണ്ടതിനെ കുറിച്ച് അന്ന് അദ്ദേഹം സംസാരിച്ചിരുന്നു. അന്ന് സുരേഷ് ഗോപിയെ കുറിച്ച് മോദി അന്വേഷിച്ചിരുന്ന വിവരവും പുറത്തുവന്നിരുന്നു.

പ്രസിഡന്റും മുൻ പ്രസിഡന്റുമാരും ജനറൽ സെക്രട്ടറിമാരും മാത്രം കോർ കമ്മിറ്റിയിൽ വരിക എന്നതായിരുന്നു പാർട്ടിയിലെ പതിവുരീതി. എന്നാൽ ഇതിന് മാറ്റം വരികയാണ് ഇപ്പോൾ. സുരേഷ് ഗോപിയുടെ താരമൂല്യത്തിലൂടെ നേട്ടമുണ്ടാക്കുക എന്നതാണ് ബി.ജെ.പി. ലക്ഷ്യമാക്കുന്നത് എന്നാണ് സൂചന.



## കണ്ണീരിൽ കുതിർന്ന അശ്രുപൂജ

മുഹമ്മദ് സലീം എന്ന് മുതിർന്ന പത്രപ്രവർത്തകൻ നമ്മെ വിട്ട് പിരിഞ്ഞിട്ട് ഇന്ന് ഏഴ് ദിനങ്ങൾ. കേരളപ്രണാമം കുടുംബത്തോട് എന്നും ചേർന്ന് സുഖദു:ഖങ്ങളിൽ പങ്കാളിയായ ഒരു മനുഷ്യസ്നേഹി. വാക്കുകൾക്കതീതനായി .... ഈ ലോകത്ത് നിന്ന വിടപറഞ്ഞപ്പോൾ ഞങ്ങൾക്ക് നഷ്ടമായത് ഒരു മുതിർന്ന ജ്യേഷ്ഠനെയാണ്..കോട്ടയം ചുങ്കം ഇടാട്ടുതറയിൽ പരേതനായ കെ. അലിയാരുടെയും കോടിമത മഠത്തിപറമ്പിൽ പരേതയായ കെ.ഹലീമ ബീവിയുടെയും മകനാണ്. കോട്ടയം സിഎംഎസ് കോളജിലായിരുന്നു വിദ്യാഭ്യാസം.

ഗവൺമെന്റ് ഹോമിയോ (റിട്ട.) മെഡിക്കൽ ഓഫീസർ ഡോ. പി.എ. പരിമള കുമാരിയാണ് ഭാര്യ. മക്കൾ: തൻവീർ എം. സലിം (ഫ്ളേവറി, പാലാരിവട്ടം), തസ്‌വീർ എം. സലിം (ദുബൈ).

(മുതിർന്ന പത്രപ്രവർത്തകൻ, എറണാകുളം പ്രസ് ക്ലബ്ബിന്റെ മുൻ സെക്രട്ടറി. കേരള ഫുട്ബോൾ അസോസിയേഷൻ പി.ആർ.ഒ,പത്രപ്രവർത്തകരുടെ അഖിലേന്ത്യാ സംഘടനയായ ഐഎഫ്ഡബ്ല്യുജെ പ്രവർത്തക സമിതി അംഗം, ടെലക്സ് (ബ്യൂറോ ചീഫ്) വീക്ഷണം (സബ് എഡിറ്റർ) മംഗളം (കറസ്പോണ്ടന്റ്), ജനയുഗം, മലയാള മണ്ണ് (സ്പെഷൽ കറസ്പോണ്ടന്റ്) എന്നീ പത്രങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്.

കൊച്ചിയിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന 'പാര' രാഷ്ട്രീയ ആക്ഷേപഹാസ്യ മാസികയുടെ കോ-ഓർഡിനേറ്റിങ്ങ് എഡിറ്റർ ആയിരുന്നു. അസാധു വിനോദ മാസികയിലും ,.കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന കമ്മിറ്റിയംഗമായി ദീർഘനാൾ പ്രവർത്തിച്ചിട്ടുണ്ട്.

മുതിർന്ന പത്രപ്രവർത്തകരുടെ കൂട്ടായ്മയായ സീനിയർ ജേർണലിസ്റ്റ്സ് ഫോറത്തിന്റെ സ്ഥാപകരിൽ ഒരാളാണ്. ഫോറം എറണാകുളം ജില്ലാ സെക്രട്ടറി ആയിരുന്നു. നിലവിൽ സംസ്ഥാന സമിതി അംഗം.

മീഡിയ കൊച്ചിൻ എന്ന ഒരു പബ്ലിക് റിലേഷൻസ് സ്ഥാപനം നടത്തി വരികയായിരുന്നു.

ഇ.കെ. നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ, കേരള പത്രപ്രവർത്തക യൂണിയൻ പ്രതിനിധിയായി, മുഖ്യമന്ത്രിയുടെ മാധ്യമോപദേശക സമിതി അംഗമായിരുന്നു.

1970കളിൽ കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന നിരവധി ചെറുകിട ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ഉപദേശകനായും പ്രവർത്തിച്ചിട്ടുണ്ട്. യുവ കേരളം, പ്രിയംവദ, സമത, സൗരയൂഥം, ഡയറക്ടർ എന്നിവയൊക്കെ അതിൽ ഉൾപ്പെടും.

1973 ൽ കേരളം നടാടെ സന്തോഷ് ട്രോഫി നേടിയതു മുതൽ കൊച്ചിയിൽ അരങ്ങേറിയ എല്ലാ ഫുട്ബോൾ മേളകളുടെയും പബ്ലിസിറ്റി കൺവീനർ സലീമായിരുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മാധ്യമ പ്രവർത്തകരെ പരാതിക്കിട നൽകാത്ത വിധം കൈകാര്യം ചെയ്തു. മികച്ച ഫുട്ബോൾ കമന്റേറ്റർ കൂടിയായിരുന്നു.) എന്നും കേരളപ്രണാമം കുടുംബത്തിന്റെ വളർച്ചയ്ക്ക് ഒപ്പം നിൽക്കുകയും , തെറ്റുകളും കുറവുകളും ചൂണ്ടികാണിച്ച് , വളർച്ചയിൽ അഭിനന്ദിച്ച് കൂടെനിന്ന ഞങ്ങളുടെ സലീംസാറിന്റെ വേർപാട് എന്നും ഞങ്ങൾക്ക് തീരാനഷ്ടമാണ്.. മരണമില്ലാത്തവനായി .. ഞങ്ങളുടെ ഒപ്പം ഒരു സ്നേഹദീപമായി സലീം സർ ഞങ്ങൾക്കൊപ്പം ഉണ്ട്......

ന്യൂസ് എഡിറ്റർ





# വഴിമുടങ്ങുന്ന തദ്ദേശ വികസനം

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലല്ല, മറിച്ച് അവ യഥാസമയം പൂർത്തീകരിച്ച് ജനോപകാരപ്രദമായ നിലയിലേക്ക് മാറ്റുന്നതിനാണ് തദ്ദേശസ്ഥാപനങ്ങളുടെ മികവ്. ഒരോ പദ്ധതിയും പാതിവഴിയിൽ ഉപേക്ഷിക്കുമ്പോൾ ഓർക്കേണ്ടത് അതിനായി ചെലവഴിച്ചത് സാധാരണക്കാരൻറെ നികുതിപ്പണമാണെന്നതാണ്.ഇത്തരം നീതിനിഷേധങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. എന്നാൽ അതിനാരും തയാറാകുന്നില്ല. ആറ്റിങ്ങൽ, വർക്കല നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ട കിളിമാനൂർ ബ്ലോക്കിൽ മാത്രം കോടികൾ ചെലവിട്ട ഒട്ടനവധി പദ്ധതികളാണ് അധികാരികരുടെ പിടിപ്പുകേട് മൂ ലം പാതിവഴിയിൽ നിലച്ചത്. അത്തരം പദ്ധതികളെക്കുറിച്ചുള്ള അന്വേഷണം ഇന്നാരംഭിക്കുന്നു.ഇടുങ്ങിയ ചെറിയൊരു ഹാൾ, പലയിടത്തായി അടുങ്ങിക്കിടക്കുന്ന പത്തിലേറെ മേശകൾ, കസേരകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥരെ കാണാൻ പോലും കഴിയാത്തവിധം മേശക്ക് മുകളിൽ കുന്നുകൂടിയ ഫയൽക്കെട്ടുകൾ, ഞെരുങ്ങി അമർന്നിരിക്കുന്ന ഒരു ഡസനോളം അലമാരകൾ, പൊടിപടലങ്ങൾക്കിടയിൽ കുറേ ജീവനക്കാർ, ഇവർക്കിടയിലൂടെ തലങ്ങും വിലങ്ങും പായുന്ന പഞ്ചായത്തംഗങ്ങൾ... ഇത് കിളിമാനൂർ പഞ്ചായത്ത് കാര്യാലയത്തിനുള്ളിലെ കാഴ്ച.പുറത്താകട്ടെ കാവിഡ് പ്രതിസന്ധി ഒഴിയാബാധയായി തുടരുമ്പോഴും നിന്നുതിരിയാൻ ഇടമില്ലാത്തതിനാൽ തൊട്ടുരുമ്മി നിർക്കേണ്ടിവരുന്ന സാധാരണ മനുഷ്യർ.അപ്പോഴും ഈ കാ ഴ്ചകൾക്കെല്ലാം മൂകസാക്ഷിയായി തലയുയർത്തിപ്പിടിച്ചു നിൽക്കുന്നുണ്ട്, 'അച്ചുവേട്ടൻറെ' പണിതീരാത്ത വീടുപോലെ 'കോടീശ്വരനാ'യ പഞ്ചായത്തിൻറെ പുതിയ മന്ദിരം. 018-19 സാമ്പത്തിക വർഷമാണ് നിലവിലുണ്ടായിരുന്ന പഞ്ചായത്ത് ഓഫിസ് പൊളിച്ചുനീക്കി പുതിയ ബഹുനില മന്ദിരത്തിന് തറക്കല്ലിട്ടത്.ഒരു കോടി 35 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റിട്ടത്. 115 ലക്ഷം രൂപക്ക് ടെൻഡർ നടപടി പൂർത്തിയാക്കി പ്രാരംഭ പ്രവൃത്തികൾ തുടങ്ങി. കെട്ടിടം നിന്ന തറ പത്തടിയോളം പൈലിങ് നടത്തി ഇടിച്ചുതാഴ്ത്തി. വാഹന പാർക്കിങ്ങിനുള്ള ഇടം എന്നതായിരുന്നു ലക്ഷ്യം.എന്നാൽ പരിപാടി തുടക്കത്തിലേ പാളി. മഴക്കാലം കൂടി വന്നതോടെ നിത്യേന നാലും അഞ്ചും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യൽ മാത്രമായി ജോലി. ഈ അവസ്ഥ മാസങ്ങളോളം തുടർന്നു. ഒടുവിൽ വല്ല വിധേനയും ഫില്ലറുകൾ കെട്ടിപ്പൊക്കി. തുടർന്ന് പല കാരണങ്ങളാൽ നിർമാണം മുടങ്ങി. ഇതിനിടെ തെരഞ്ഞെടുപ്പുമെത്തി. 2021 മുതൽ വീണ്ടും നിർമാണം ആരംഭിച്ചു.ഒന്നാം നിലയിൽ ഓഫിസ്, പ്രസിഡൻറിനുള്ള മുറി, രണ്ടാംനിലയിൽ കോൺഫറൻസ് ഹാൾ, സ്ഥിരം സമിതി അധ്യക്ഷൻമാരുടെ മുറികൾ, പഞ്ചായത്തംഗങ്ങളുടെ പൊതു ഇടം എന്നിവ ഒരുക്കാനാണ് ലക്ഷ്യമിട്ടത്.കെട്ടിടം പൂർത്തിയാക്കി ഭാഗികമായ വയറിങ്-പ്ലംബിങ് പണികൾ ചെയ്തതൊഴിച്ചാൽ ബാക്കി പെയിൻറിങ്, ഓഫിസ് ഫർണിഷിങ്, മുൻവശം റെഡിയാക്കലടക്കം പണികൾ ബാക്കി. കഴിഞ്ഞ മൂന്ന് മാസത്തിലേറെയായി നിർമാണ പ്രവർത്തനം പൂർണമായും നിലച്ചു.

വില്ലൻ നിർമാണത്തിലെ പാളിച്ച

വാഹന പാർക്കിങ് ലക്ഷ്യമിട്ട് ഗ്രൗണ്ട് ഫ്ലോറിനായി അമിതമായ ആഴത്തിൽ കുഴിച്ചത് പ്രതിസന്ധിയായി തുടരുകയാണ്. വശങ്ങൾ കെട്ടി പൂശിയിട്ടും തറ കോൺക്രീറ്റ് ചെയ്തിട്ടും മഴക്കാലത്ത് മുട്ടൊപ്പം വെള്ളമാണ് ഇവിടെ. ഈ വെള്ളക്കെട്ടിൽ കെട്ടിടത്തിന് എത്രകാലം ആയുസ്സ് ഉണ്ടാകുമെന്ന ചോദ്യവും പ്രസക്തമാണ്.ദീർഘവീക്ഷണമില്ലാതെയുള്ള ഇത്തരം പ്രവൃത്തികൾ സർക്കാർ ഖജനാവിനെ അതുവഴി ജനങ്ങളുടെ നികുതിപ്പണത്തെ മാത്രമേ ബാധിക്കൂ. ഇവിടംകൊണ്ടവസാനിക്കുന്നില്ല, കോടികൾ ചെലവിട്ട് നിർമാണം തുടങ്ങിയ പോങ്ങനാട് വെണ്ണിച്ചിറക്കുളത്തിലെ നീന്തൽകുളം ഏതാണ് 'കുള'മായ അവ സ്ഥയിലാണ്. അതേക്കുറിച്ച് നാളെ.പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലല്ല, മറിച്ച് അവ യഥാസമയം പൂർത്തീകരിച്ച് ജനോപകാരപ്രദമായ നിലയിലേക്ക് മാറ്റുന്നതിനാണ് തദ്ദേശസ്ഥാപനങ്ങളുടെ മികവ്. ഒരോ പദ്ധതിയും പാതിവഴിയിൽ ഉപേക്ഷിക്കുമ്പോൾ ഓർക്കേണ്ടത് അതിനായി ചെലവഴിച്ചത് സാധാരണക്കാരൻറെ നികുതിപ്പണമാണെന്നതാണ്.ഇത്തരം നീതിനിഷേധങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. എന്നാൽ അതിനാരും തയാറാകുന്നില്ല. ആറ്റിങ്ങൽ, വർക്കല നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ട കിളിമാനൂർ ബ്ലോക്കിൽ മാത്രം കോടികൾ ചെലവിട്ട ഒട്ടനവധി പദ്ധതികളാണ് അധികാരികരുടെ പിടിപ്പുകേട് മൂ ലം പാതിവഴിയിൽ നിലച്ചത്. അത്തരം പദ്ധതികളെക്കുറിച്ചുള്ള അന്വേഷണം ഇന്നാരംഭിക്കുന്നു



## ബെവ്കോ ഔട്ട്ലെറ്റിൽനിന്ന് മദ്യം മോഷ്ടിച്ചയാൾ പിടിയിൽ

**കൊല്ലം:** ആശ്രാമത്തെ ബെവ്കോയുടെ പ്രീമിയം ഔട്ട ലെറ്റിൽനിന്ന് അരലിറ്റർ മദ്യം മോഷ്ടിച്ച സംഭവത്തിൽ പ്രതി പിടിയിൽ. ആശ്രാമം ലക്ഷ്മണ നഗർ ആറ്റൂർ കിഴക്കതിൽ ശ്യാംകുമാർ (31) ആണ് ഈസ്റ്റ് പൊലീസിന്റെ പിടിയിലായത്. കഴിഞ്ഞദിവസം ഔട്ട്ലെറ്റ് അടച്ച് സ്റ്റോക്ക് പരിശോധിച്ചപ്പോഴാണ് അരലിറ്റർ മദ്യത്തിന്റെ കുറവ് ജീവനക്കാർ കണ്ടെത്തിയത്.തുടർന്ന് സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചതിൽ നിന്നാണ് മോഷ്ടാവിനെ തിരിച്ചറിഞ്ഞത്. ബിയർ വാങ്ങിയ ഇയാൾ മദ്യം മുണ്ടിനുള്ളിൽ ഒളിപ്പിക്കുകയും ബിയറിന്റെ തുക മാത്രം നൽകി രക്ഷപ്പെടുകയായിരുന്നു. തുടർന്ന് അധികൃതർ ഈസ്റ്റ് പൊലീസിൽ പരാതിപ്പെടുകയും പ്രതിയെ പിടികൂടുകയുമായിരുന്നു.



## സ്വകാര്യ ബസുകളുടെ മരണപ്പാച്ചിൽ അപകട ഭീഷണി

**ചവറ:** ദേശീയപാതയിൽ ചവറ, നീണ്ടകര മേഖലകളിൽ സ്വകാര്യബസുകളുടെ മരണപ്പാച്ചിൽ അപകട ഭീഷണി ഉയർത്തുന്നു. സ്കൂൾ കുട്ടികൾ ഉൾപ്പെടെ യാത്രക്കാരെ കുത്തിനിറച്ച് സർവിസ് നടത്തുന്ന ഇത്തരം വാഹനങ്ങൾ ഒരു സുരക്ഷാമാനദണ്ഡങ്ങളും പാലിക്കാതെയാണ് യാത്രക്കാരെ ഭീതിയുടെ മുൾമുനയിൽ നിർത്തി മത്സരയോട്ടം നടത്തുന്നത്.അപകടമുണ്ടാക്കത്തക്ക തരത്തിൽ ദേശീയപാതയുടെ നടുവിലൂടെയാണ് പലപ്പോഴും വാഹനങ്ങൾ ഓടിക്കുന്നത്. കഴിഞ്ഞദിവസം നീണ്ടകര പാലത്തിലൂടെ കടന്നുപോയ തിരുവനന്തപുരം സ്വദേശികൾ യാത്ര ചെയ്ത കാറിൻറെ ഇടതു വശത്തുകൂടി മറികടന്ന് കാർ യാത്രക്കാരെ അപകടപ്പെടുത്താൻ സ്വകാര്യ ബസ് ഡ്രൈവർ ബോധപൂർവം ശ്രമിച്ചെങ്കിലും തലനാരിഴക്ക് രക്ഷപ്പെടുകയായിരുന്നു.കാർ യാത്രികർ പരാതിപ്പെട്ടതിനെ തുടർന്ന് മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥനായ എം.എസ്. അശോക് സ്വകാര്യ ബസ് ഡ്രൈവറെ ഓഫിസിൽ വിളിച്ചുവരുത്തി വിശദീകരണം ചോദിച്ചിരുന്നു. സ്വകാര്യ ബസുകളുടെ അമിതവേഗം നിയന്ത്രിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെടുന്നു.

# അഞ്ചുവർഷത്തിനിടെ കാണാതായത് 24 സ്ത്രീകൾ; അന്വേഷണം ഊർജിതമാക്കും




**കൊല്ലം:** ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 22 വയസ്സിനും 75 വയസ്സിനുമിടയിലുള്ള 24 സ്ത്രീകളെ കാണാതായതായി വിവരം. പത്തനംതിട്ട ഇലന്തൂരിലെ നരബലിയുടെ പശ്ചാത്തലത്തിൽ കാണാതായ സ്ത്രീകളുടെ കണക്ക് ശേഖരിക്കാനും അന്വേഷണം ഊർജിതമാക്കാനും ഡി.ജി.പി പൊലീസ് സ്റ്റേഷനുകൾക്ക് നിർദേശം നൽകിയിരുന്നു.ഇതിൻറെ അടിസ്ഥാനത്തിലാണ് അഞ്ചു വർഷത്തിനിടെ കാണാതായ സ്ത്രീകളുടെ കണക്ക് പുറത്തുവന്നത്. സിറ്റി പൊലീസ് പരിധിയിൽ നിന്ന് 11ഉം റൂറൽ പരിധിയിൽ 13 പേരെയുമാണ് കാണാതായത്. റൂറലിൽ 2017 കാലയളവിൽ രണ്ടു സ്ത്രീകളെയും 2018 ൽ ഒരാളെയും 2019ൽ മൂന്നു സ്ത്രീകളെയും ലോക്ഡൗൺ സമയമായിരുന്ന 2020ലും 21ലും രണ്ടു വീതം സ്ത്രീകളെയും 2022 ഇത് വരെ മൂന്നു സ്ത്രീകളെയും കണാതായതായാണ് വിവരം. കാണാതായ സ്ത്രീകൾക്കായി അന്വേഷണം ഊർജിതമാക്കുമെന്നും ഇവരുടെ അടുത്ത ബന്ധുക്കളുടെ മൊഴി വീണ്ടും രേഖപ്പെടുത്താനുള്ള നീക്കത്തിലാണ് പൊലീസ്. കാണാതായവരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കാനും ഇതിനായി സൈബർ സെൽ ഉൾപ്പെടെയുള്ള സഹായം തേടാനുള്ള ഒരുക്കത്തിലാണ് പൊലീസ്.




## ഫ്രാൻസിസ്വധം; 24 വർഷത്തിനുശേഷം അമേരിക്കയിലുള്ള സാക്ഷികളെ ഓൺലൈനായി വിസ്തരിച്ചു

**തിരുവനന്തപുരം:** ഫ്രാൻസിസ് വധക്കേസിലെ നിർണായക സാക്ഷികളെ 24 വർഷത്തിനുശേഷം ഓൺലൈനായി വിസ്തരിച്ചു. അമേരിക്കയിലുള്ള തിരുവനന്തപുരം കുന്നുകുഴി സ്വദേശി മാത്യു, മകൻ സഞ്ജു മാത്യു എന്നിവരെയാണ് തിരുവനന്തപുരം ജില്ല സെഷൻസ് കോടതിയുടെ നിർദേശപ്രകാരം ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് രണ്ടാം നമ്പർ കോടതി മജിസ്ട്രേറ്റ് എ. അനീസ വിസ്തരിച്ചത്.1998 ആഗസ്റ്റ് രണ്ടിനാണ് കേസിനാസ്പദമായ സംഭവം. ഫ്രാൻസിസ് എന്നയാളെ പുത്തൻപാലം രാജേഷ്, അനിൽകുമാർ, ബിനു, ദിലീപ്കുമാർ എന്നിവർ ചേർന്ന് മർദിച്ചു. ജീവൻ രക്ഷിക്കാനായി ഫ്രാൻസിസ് മാത്യുവിന്റെ വീട്ടിൽ ഓടിക്കയറി.പിന്നാലെയെത്തിയ പ്രതികൾ ഫ്രാൻസിസിനെ വെട്ടിക്കൊല്ലുകയായിരുന്നു. 'ബിനുവിനെ അടിക്കാനായോ' എന്ന് ചോദിച്ചായിരുന്നു അക്രമം. ഏജീസ് ഓഫിസ് ജീവനക്കാരനായിരുന്ന മാത്യുവും മകൻ സഞ്ജുവും പിന്നീട് അമേരിക്കയിൽ സ്ഥിരതാമസമായി. കേസിലെ മറ്റ് സാക്ഷികളെ വിസ്തരിച്ചെങ്കിലും എല്ലാവരും കൂറുമാറുകയായിരുന്നു. രണ്ടാംപ്രതി ബിനു വിചാരണക്കിടെ മരിച്ചു. നാലാംപ്രതി ദിലീപ് ഇപ്പോഴും ഒളിവിലാണ്. കേസിൽ മൂന്ന്, നാല് സാക്ഷികളായ ഇവരെ വിസ്തരിക്കാൻ ഏറെ വർഷങ്ങളായി കോടതി സമൻസ് അയക്കുന്നുണ്ടായിരുന്നെങ്കിലും മാത്യുവും സഞ്ജുവും ഹാജരായിരുന്നില്ല.തുടർന്ന് ഹൈകോടതിയുടെ അനുമതിയോടെ അമേരിക്കയിലെ ഇന്ത്യൻ എംബസിയുടെ സഹായം തേടുകയായിരുന്നു. റിമോട്ട് കൺട്രോൾ ഓഫിസറെയും നിയോഗിച്ചു. സാക്ഷികൾ പ്രതികളെയും ആയുധങ്ങളും തിരിച്ചറിഞ്ഞു. കേസിലെ ബാക്കി വിചാരണ നടപടികൾ ജില്ല സെഷൻസ് കോടതിയിൽ തുടരും. പ്രോസിക്യൂഷന് വേണ്ടി അഡീഷനൽ പബ്ലിക് പ്രോസിക്യൂട്ടർ കെ.എൽ. ഹരീഷ്കുമാർ ഹാജരായി.



## അതിദരിദ്രർക്ക് എല്ലാ രേഖകളും 22ന് മുമ്പ് നൽകും

**പത്തനംതിട്ട:** അവകാശം അതിവേഗം കാമ്പയിനിലൂടെ ജില്ലയിലെ അതിദരിദ്രർക്ക് ആവശ്യമായ എല്ലാ രേഖകളും ഈ മാസം 22ന് മുമ്പ് നൽകുമെന്ന് ജില്ല പഞ്ചായത്ത് പ്രസിഡൻറ് ഓമല്ലൂർ ശങ്കരൻ പറഞ്ഞു.അതിദാരിദ്ര്യ നിർമാർജനവുമായി ബന്ധപ്പെട്ട് കലക്ടറേറ്റിൽ ചേർന്ന ജില്ല തല സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.അവകാശ രേഖകൾ ഇല്ലാത്ത അതിദരിദ്രർ ആരും സംസ്ഥാനത്ത് അവശേഷിക്കുന്നില്ലെന്ന പ്രഖ്യാപനം നവംബർ ആദ്യ വാരം നടത്താനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനകം അതിദാരിദ്ര്യനിർണയ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.റേഷൻ കാർഡ്, ആധാർ കാർഡ്, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് തുടങ്ങിയവ പോലുമില്ലാത്തവരെ സമൂഹത്തി!െ!ൻറ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതാണ് പദ്ധതി. യോഗത്തിൽ എ.ഡി.എം ബി. രാധാകൃഷ്ണൻ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയൻറ് ഡയറക്ടർ എൻ. ഹരി, ജില്ല പ്ലാനിങ് ഓഫിസർ സാബു സി. മാത്യു, ജില്ല സപ്ലൈ ഓഫിസർ എം. അനിൽ തുടങ്ങിയവർ പങ്കെടുത്തു.



## മന്ത്രവാദിനിക്കെതിരെ പതിനഞ്ചിലധികം പരാതി നൽകിയിട്ടും കുലുങ്ങാതെ പൊലീസ്

**കോന്നി:** മലയാലപ്പുഴയിലെ മന്ത്രവാദിനിയായ 'വാസന്തി അമ്മ മഠം' ശോഭാ തിലകിനെതിരെ പതിനഞ്ചിലധികം പരാതികളാണ് നാട്ടുകാർ മലയാലപ്പുഴ പൊലീസ് സ്റ്റേഷനിൽ നൽകിയത്.എന്നാൽ, പൊലീസി!െ!ൻറ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായില്ല. രാത്രിയെന്നും പകലെന്നും ഇല്ലാതെ നിരവധി ആളുകൾ ആണ് ഇവരുടെ വീട്ടിൽ വന്നു പൊയ്ക്കൊണ്ടിരുന്നതെന്ന് പ്രദേശവാസികൾ പറയുന്നു. വീടിനോട് ചേർന്നും വീട്ടിനുള്ളിലും ഇവർ പൂജ ചെയ്യുന്നതിന് ആവശ്യമായ സ്ഥലങ്ങൾ ക്രമീകരിച്ചിരുന്നു. രാത്രി വലിയ ശബ്ദങ്ങളും നിലവിളികളും കേൾക്കാമായിരുന്നെന്നും സമീപവാസികൾ പറയുന്നു.പത്ത് വർഷമായി ഇവർ ഇവിടെ പൂജ തുടങ്ങിയിട്ട്. ആളുകളിൽനിന്ന് ബാധ ഒഴിപ്പിക്കാൻ എന്ന പേരിൽ ചൂരൽവടി പ്രയോഗം അടക്കം ഇവർ നടത്തിയിരുന്നു. ഇവരുടെ ചൂരൽവടി പ്രയോഗം മൂലം ആളുകൾ നിലവിളിക്കുന്ന ശബ്ദം അയൽവാസികൾ പതിവായി കേട്ടിരുന്നു. സംഭവത്തിൽ പരാതി നൽകുന്നവരെ ദുർ മന്ത്രവാദം ചെയ്ത് ഇല്ലാതാക്കിക്കളയുമെന്ന ഭീഷണിയും മുഴക്കി. ജില്ലക്ക് പുറത്ത് നിന്നും നിരവധി ആളുകൾ ശോഭ തിലകിനെ കാണാൻ ഇവിടെ എത്തിയിരുന്നു. അമ്പതിനായിരം രൂപയിൽ കൂടുതൽ ഇവർ തന്നെ കാണാൻ വരുന്നവരിൽനിന്നും വാങ്ങിയിരുന്നതായും പറയുന്നു.



## പമ്പിങ് പരിശോധനക്ക് മലിനജലം മൂന്നുപേർക്കെതിരെ കേസ്

**ആലപ്പുഴ:** ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ച പുതിയ പൈപ്പ് ലൈനിൻറെ പമ്പിങ് പരിശോധനക്ക് തോട്ടിലെ മലിനജലം ഉപയോഗിച്ച സംഭവത്തിൽ കണ്ടാലറിയാവുന്ന മൂന്നുപേർക്കെതിരെ കേസെടുത്തു.പരാതിയിൽ പറയുന്ന രാജീമോൻ, ഷംനാസ്, ടോം ചെറിയാൻ എന്നിവർക്കെതിരെയാണ് കേസെടുത്തതെന്ന് സൗത്ത് പൊലീസ് പറഞ്ഞു.ബുധനാഴ്ച രാത്രി കൊട്ടാരംപാലത്തിന് സമീപമാണ് സംഭവം. ശുദ്ധജലവിതരണ പൈപ്പിലൂടെ മലിനജലം ഒഴുക്കിയതിൽ പ്രകോപിതരായ നാട്ടുകാർ പമ്പിങ് തടസ്സപ്പെടുത്തിയതോടെയാണ് സംഭവം പുറംലോകമറിഞ്ഞത്. തുടർന്ന് സൗത്ത് പൊലീസെത്തി പമ്പിങ് നിർത്തിവെച്ച് മലിനജലം പമ്പ് ചെയ്യാൻ ഉപയോഗിച്ച മോട്ടോറും വാഹനവും തൊഴിലാളികളെയും കസ്റ്റഡിയിലെടുക്കുകയായിരുന്നു. പ്രാഥമിക അന്വേഷണത്തിൽ കരാറുകാരൻറെ പ്രവർത്തനത്തിൽ അപാകതയുള്ളതായി കണ്ടെത്തിയതെന്ന് പൊലീസ് പറഞ്ഞു.അതേസമയം, ജനറൽ ആശുപത്രിയിൽനിന്നുള്ള ശൗചാലയ മാലിന്യം ഉൾപ്പെടെ കൊട്ടാരംതോട്ടിലേക്ക് തള്ളുന്നതായി നാട്ടുകാർ ആരോപിച്ചു. ഈ മലിനജലമാണ് പുതിയ പൈപ്പ് ലൈൻ പദ്ധതിക്കായി പമ്പ് ചെയ്തത്. പുതിയ ലൈൻ കമീഷൻ ചെയ്യുന്നതിന് മുമ്പ് ജലം സുഗമമായി ഒഴുകുന്നുണ്ടോയെന്ന് പരിശോധിക്കാനാണ് പമ്പിങ്.



## എക്സൽ ഗ്ലാസ് മണൽകടത്ത്; പഞ്ചായത്ത് പ്രസിഡൻറും സംഘവും ലോറികൾ തടഞ്ഞു

**മാരാരിക്കുളം:** കലവൂർ എക്സൽ ഗ്ലാസ് ഫാക്ടറി കെട്ടിടം പൊളിക്കുന്നതിന്റെ മറവിൽ വ്യാപകമായി മണൽ കടത്തുന്നുവെന്ന് ആരോപിച്ച് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ലോറികളും മണ്ണുമാന്തികളും തടഞ്ഞു. ഫാക്ടറിയിലെ കെട്ടിടങ്ങളും യന്ത്രസാമഗ്രികളും ലേലം പിടിച്ചവരുടെ നേതൃത്വത്തിൽ ടോറസ് ലോറികളിലായി വൻതോതിൽ മണൽ കടത്തുന്നതായാണ് പരാതിയെന്ന് പഞ്ചായത്ത് പ്രസിഡന്റ് പി.പി. സംഗീത പറഞ്ഞു.അതേസമയം, മണൽ കടത്തുന്നതായ പരാതിയിൽ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെക്കാൻ തഹസിൽദാർ നിർദേശം നൽകി. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ മണൽ കടത്ത് തടഞ്ഞതിനെ തുടർന്ന് എ.ഡി.എമ്മിന്റെ നേതൃത്വത്തിൽ ഉന്നത റവന്യൂ സംഘം പരിശോധന നടത്തി. എ.ഡി.എം സന്തോഷ് കുമാർ, തഹസിൽദാർ വി.സി. ജയ എന്നിവർ ഉൾപ്പെട്ട സംഘം ജനപ്രതിനിധികളുമായും ചർച്ച നടത്തി.ഭൂനിരപ്പിൽനിന്ന് വളരെ ആഴത്തിൽ മണൽ കുഴിച്ചതായി ജനപ്രതിനിധികൾ പറഞ്ഞു. തുടർന്ന് വില്ലേജ് ഓഫിസറോട് അടിയന്തര റിപ്പോർട്ട് നൽകാനും കലക്ടറുടെ സാന്നിധ്യത്തിൽ കരാറുകാരനെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി യോഗം ചേരുവാനുമാണ് തീരുമാനം. ജിയോളജി വകുപ്പിന്റെ കൂടി റിപ്പോർട്ട് തേടിയശേഷം ഇവിടെനിന്ന് കൊണ്ടുപോയ മണലിന്റെ അളവും വിലയും നിശ്ചയിച്ച് ഇത് കരാറുകാരനിൽനിന്ന് ഈടാക്കണമെന്നും പഞ്ചായത്ത് ആവശ്യപ്പെട്ടു. ദേശീയപാത വികസനത്തിന്റെ ഭാഗമായി 50 സെന്റ് സ്ഥലത്തോളം സർക്കാർ ഏറ്റെടുത്തിരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ ദിവസം മതിൽ പൊളിച്ചതോടെയാണ് കെട്ടിടം സ്ഥിതി ചെയ്തിരുന്ന സ്ഥലം ഉൾപ്പെടെ ഭൂമിനിരപ്പിലും വളരെ താഴ്ചയിൽ കുഴിച്ച് മണൽ കടത്തിയതായി ബോധ്യപ്പെട്ടതെന്നും പ്രസിഡന്റ് പറഞ്ഞു.മണൽ കടത്തുന്നതായ സംശയത്തെ തുടർന്ന് കഴിഞ്ഞ ദിവസം പൊലീസ് ലോറികൾ തടഞ്ഞിരുന്നു. എന്നാൽ, ലോറി പരിശോധിച്ച വില്ലേജ് ഓഫിസർ മണൽ കലർന്ന കെട്ടിടാവശിഷ്ടങ്ങളാണെന്ന് പറഞ്ഞതിനാൽ ബുധനാഴ്ച വിട്ടയക്കുകയായിരുന്നു. വൈസ് പ്രസിഡന്റ് വി.സജി, വികസനകാര്യ സ്ഥിരംസമിതി അധ്യക്ഷ എൻ. എസ്. ശാരിമോൾ, പഞ്ചായത്ത് അംഗങ്ങളായ സി.എസ്. ജയചന്ദ്രൻ, രജിമോൾ ശിവദാസ്, എസ്. പ്രസന്ന എന്നിവരും ഒപ്പമുണ്ടായിരുന്നു.



## രോഷമിരമ്പി; മലയാലപ്പുഴയിൽ നാടകീയ രംഗങ്ങൾ

**കോന്നി:** നാടകീയ മുഹൂർത്തങ്ങൾക്കൊടുവിലാണ് മലയാലപ്പുഴയിൽ 'വാസന്തി അമ്മ മഠം' ശോഭന തിലകിനെയും ഭർത്താവ് ഉണ്ണികൃഷ്ണനെയും പൊലീസ് അറസ്റ്റ് ചെയ്തത്.കുട്ടിയെ ഉപയോഗിച്ച് പൂജ നടത്തുന്ന ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചതോടെ നിരവധി ആളുകളാണ് ഇവരുടെ പൊതീപ്പാടുള്ള വീടിന് മുന്നിലേക്ക് എത്തിയത്. ഇതോടെ നാട്ടുകാർ ചേർന്ന് വീട് എറിഞ്ഞ് നശിപ്പിക്കുകയും സാധനങ്ങൾ തല്ലിത്തകർക്കുകയും ചെയ്തു. വീടിനോട് ചേർന്ന് ഇവർ സ്ഥാപിച്ച പൂജ ചെയ്യുന്ന സ്ഥലം അടക്കം തകർത്തു.തുടർന്ന് ഡി.വൈ.എസ്.പി നന്ദകുമാറി!െ!ൻറ നേതൃത്വത്തിലെ പൊലീസ് സംഘവും സ്ഥലത്തെത്തി. ഡി.വൈ.എഫ്.ഐ, യൂത്ത് കോൺഗ്രസ്, ബി.ജെ.പി പ്രവർത്തകർ പ്രതിഷേധവുമായി സ്ഥലത്തെത്തി. നാട്ടുകാരുടെ രോഷം അണപൊട്ടിയതോടെ സ്ഥലത്ത് കൂടുതൽ പൊലീസിനെ വിന്യസിച്ചു. പൊലീസ് ഇവരെ അറസ്റ്റ് ചെയ്ത് നീക്കുമ്പോഴും വലിയ പ്രതിഷേധമാണ് നാട്ടുകാരിൽ നിന്നുമുണ്ടായത്. മലയാലപ്പുഴ പഞ്ചായത്തിലെ പൊതീപ്പാട് പതിമൂന്നാം വാർഡിൽ ആണ് 'വാസന്തി അമ്മ മഠം' സ്ഥിതി ചെയ്യുന്നത്. കുമ്പഴ സ്വദേശിയായ ശോഭന മുമ്പ് മല്ലശ്ശേരി കേന്ദ്രീകരിച്ച് മന്ത്രവാദം നടത്തുകയും സമീപവാസികളുമായി പ്രശ്നം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.ഇതിന് ശേഷമാണ് ഇവർ മലയാലപ്പുഴ പൊതീപ്പാട് വന്ന് വാടകക്ക് താമസമാക്കിയത്. ഇവരെ എതിർക്കുന്ന നാട്ടുകാരുടെ വീടിന് മുന്നിൽ പൂവുകളും മറ്റും ഇടുകയും ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു.



# തിരുനക്കര ഷോപ്പിങ് കോംപ്ലക്സ് ഒഴിപ്പിക്കൽ; പുനരധിവാസത്തിൽ ഭരണപക്ഷത്ത് തർക്കം

**കോട്ടയം:** തിരുനക്കര ഷോപ്പിങ് കോംപ്ലക്സിൽനിന്ന് ഒഴിപ്പിച്ച വ്യാപാരികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട കൗൺസിൽ ചർച്ചക്കിടെ ഭരണകക്ഷി അംഗങ്ങൾ തമ്മിൽ വാക്തർക്കം. കോൺഗ്രസ് കൗൺസിലർമാരായ എം.പി. സന്തോഷ് കുമാർ, എം.എ. ഷാജി എന്നിവർ ഒരുഭാഗത്തും വൈസ് ചെയർമാൻ ബി. ഗോപകുമാർ എതിർഭാഗത്തുമായിരുന്നു.ബി. ഗോപകുമാർ ചെയർമാനായ ധനകാര്യ സ്ഥിരം സമിതി തിരുനക്കരയിൽനിന്ന് ഒഴിപ്പിച്ച വ്യാപാരികൾക്ക് നഗരത്തി!ന്റ വിവിധ ഭാഗങ്ങളിൽ താൽക്കാലിക കടമുറികൾ അനുവദിക്കണമെന്ന് കൗൺസിലിന് ശിപാർശ നൽകിയിരുന്നു. പഴയ പൊലീസ് സ്റ്റേഷൻ മൈതാനത്ത് 16 കച്ചവടക്കാർക്ക് കടമുറികൾ നിർമിക്കാൻ അനുമതി നൽകണമെന്ന നിർദേശവും ഇവർ മുന്നോട്ടുവെച്ചിരുന്നു. എന്നാൽ, എം.പി. സന്തോഷ് കുമാർ ഇതിനെതിരെ രംഗത്തെത്തി. ഒഴിപ്പിച്ച കച്ചവടക്കാരുടെ പേരുവിവരമടക്കം ഒന്നും കൗൺസിലിന് മുന്നിലെത്തിയിട്ടില്ലെന്നും ചിലരുടെ താൽപര്യമാണ് നടപ്പാക്കാൻ ശ്രമിക്കുന്നതെന്നും മുൻ ചെയർമാൻ കൂടിയായ സന്തോഷ് കുറ്റപ്പെടുത്തി. കൗൺസിലിൽ വിവരങ്ങൾ എല്ലാം അവതരിപ്പിച്ചശേഷം എല്ലാവർക്കും താൽക്കാലിക സംവിധാനം അനുവദിക്കുകയാണ് വേണ്ടത്. സർവകക്ഷിയോഗ തീരുമാനങ്ങൾ അട്ടിമറിച്ചാണ് ധനകാര്യ സ്ഥിരം സമിതിയുടെ തീരുമാനങ്ങൾ.പഴയ പൊലീസ് സ്റ്റേഷൻ മൈതാനം നഗരസഭയുടെ ഉടമസ്ഥതയിലല്ലെന്നും സന്തോഷ് കുമാർ പറഞ്ഞു. എന്നാൽ, പഴയ പൊലീസ് സ്റ്റേഷൻ മൈതാനം നഗരസഭയുടേതല്ലെങ്കിൽ അവിടെ സ്റ്റേജ് നിർമിച്ചത് എങ്ങനെയാണെന്നും പാർക്കിങ്ങിനായി പണം പിരിക്കാൻ എന്താണ് അവകാശമെന്നും ഗോപകുമാർ ചോദിച്ചു. നഗരസഭ ഫണ്ട് വകമാറ്റി ഇത്തരത്തിൽ സ്റ്റേജ് നിർമിച്ചത് അന്വേഷിക്കണമെന്നും അന്വേഷണം നടത്തി തുക തിരിച്ചുപിടിക്കാൻ സർക്കാറിനോട് ആവശ്യപ്പെടണമെന്നും ഗോപകുമാർ പറഞ്ഞു. ഇതിനുപിന്നാലെ താൽക്കാലിക കടമുറികൾ നൽകിയതിൽ വ്യക്തിതാൽപര്യമാണെന്നും കൗൺസിലിനെ ഇരുട്ടിൽനിർത്താൻ അനുവദിക്കില്ലെന്ന് എം.എ. ഷാജി പറഞ്ഞു.പിന്നീട് ഷാജിയും ഗോപകുമാറും തമ്മിലും തർക്കുമുണ്ടായി. തിരുനക്കര മൈതാനത്തിലെ നിർമാണമടക്കം അന്വേഷിക്കണമെന്നും സന്തോഷ്കുമാറും ഷാജിയും ആവശ്യപ്പെട്ടു. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കെ ടൂറിസം വകുപ്പാണ് തിരുനക്കര നവീകരിച്ചത്. പാവപ്പെട്ട കച്ചവടക്കാരുടെ സ്ഥിതി കണ്ടാണ് താൽക്കാലിക കടമുറികൾ അനുവദിക്കാൻ തീരുമാനിച്ചതെന്നും രേഖകളെല്ലാം നഗരസഭ ഫയലിലുണ്ടെന്നും അദ്ദേഹം പറഞ്ഞു. തനിക്ക് ഒരു താൽപര്യവുമില്ലെന്നും ഗോപകുമാർ പറഞ്ഞു. പിന്നീട് ഇടത് അംഗങ്ങൾ അടക്കം വിഷയം ഏറ്റെടുത്തതോടെയാണ് ഇരുകൂട്ടരും തമ്മിലെ ഏറ്റുമുട്ടൽ അവസാനിച്ചത്.



# കോടികൾ വെള്ളത്തിൽ; മനക്കച്ചിറ ടൂറിസം പദ്ധതി അവഗണനയിൽ

**ചങ്ങനാശ്ശേരി:** കോടികൾ ജലരേഖയാക്കിയ മനക്കച്ചിറ ടൂറിസം പദ്ധതിയിൽ വീണ്ടും പോള നിറഞ്ഞു. ടൂറിസം പദ്ധതി തുകക്കു പുറമെ കോടികൾ ചെലവഴിച്ചിട്ടും എ.സി. കനാലിലെ പോളകൾ സ്ഥിരമായി നീക്കാൻ അധികൃതർക്കായിട്ടില്ല. സി.എഫ്. തോമസ് എം.എൽ.എയുടെ നിർദേശപ്രകാരം 2017 മാർച്ചിൽ ജലസേചനവകുപ്പ് 11.66 ലക്ഷം രൂപ അനുവദിച്ചു പോള നീക്കിയിരുന്നു. സംരക്ഷണമില്ലാതായതോടെ വീണ്ടും പോള കയറി. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന് സമാന്തരമായി എ.സി. കനാലിൽ മനക്കച്ചിറ മുതലാണ് പോള നിറഞ്ഞത്. എ.സി കനാലിൽ നടന്നിരുന്ന ചങ്ങനാശ്ശേരി ജലോത്സവത്തിനു മുന്നോടിയായി ഓരോ വർഷവും ലക്ഷങ്ങളാണ് പോള നീക്കാൻ ചെലവഴിച്ചിരുന്നത്. മൂന്നു വർഷമായി പോള മൂലം ജലോത്സവം പോലും മുടങ്ങി. ഒന്നേകാൽ കോടി മുടക്കി നിർമാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തതാണ് മനക്കച്ചിറ പദ്ധതി. എന്നാൽ, ഇന്നും തുടങ്ങിയിടത്തുതന്നെ നിൽക്കുകയാണ്. ചങ്ങനാശ്ശേരി മുതൽ മങ്കൊമ്പ് വരെയുള്ള 20 കി.മീ. നീളത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എ.സി. കനാലിന് വടക്കുഭാഗത്ത് റോഡിനും കനാലിനും സമാന്തരമായി പവിലിയൻ നിർമിക്കുകയും തറയിൽ ടൈൽസ് പാകുകയും ചെയ്തു. ചുറ്റുമതിൽ നിർമാണവും നടത്തി. 2021 ഫെബ്രുവരിയിലാണ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നവീകരിച്ച പദ്ധതിയുടെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിച്ചത്. ടൂറിസം പദ്ധതിയുടെ ഭാഗമായി 10 മഴക്കൂടാരങ്ങളും നവീകരിച്ചു.ഇതിൽ മൂന്നെണ്ണം കോഫി, സ്നാക് ബാറുകളായി പുനഃക്രമീകരിച്ചു. ടിക്കറ്റ് കൗണ്ടർ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നാണ് ഡി.ടി.പി.സി അധികൃതർ പറയുന്നത്. പദ്ധതിയുടെ ആരംഭഭാഗത്ത് കനാലിനു നടുവിൽ പവിലിയനും നവീകരിച്ചിട്ടുണ്ട്. എന്നാൽ, ഇവിടേക്ക് എത്തണമെങ്കിൽ വള്ളം മാത്രമാണ് ഏക ആശ്രയം. കരയിൽനിന്ന് പവിലിയനിലേക്ക് പാലം നിർമിക്കാൻ ഡി.ടി.പി.സിക്ക് ആലോചന ഉണ്ടെങ്കിലും ഇറിഗേഷൻ വകുപ്പിന്റെ അനുമതി ആവശ്യമാണ്. പൊതുജനങ്ങൾക്ക് പ്രയോജനമാകുന്നവിധം എന്നു തുറന്നുനൽകുമെന്നത് ചോദ്യമായി ശേഷിക്കുന്നു.

# ഭക്ഷ്യസുരക്ഷാ പരിശോധന: 20 സ്ഥാപനങ്ങൾക്കെതിരെ നടപടി




**തൊടുപുഴ:** സ്പെഷൽ ഡ്രൈവിൻറെ ഭാഗമായി ഭക്ഷ്യസുരക്ഷ വിഭാഗം ജില്ലയിൽ നടത്തിയ പരിശോധനയിൽ 20 സ്ഥാപനങ്ങൾക്കെതിരെ നടപടി. ചട്ടങ്ങൾ പാലിക്കാതെ പ്രവർത്തിക്കുകയും ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്ത സ്ഥാപനങ്ങൾക്കെതിരെയാണ് നടപടി സ്വീകരിച്ചത്.സെപ്റ്റംബർ 26 മുതൽ 30 വരെ സ്പെഷൽ ഡ്രൈവിൻറെ ഭാഗമായി ജില്ലയിൽ ഭക്ഷ്യവസ്തുക്കൾ ഉൽപാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന 200 സ്ഥാപനങ്ങളിലായിരുന്നു പരിശോധന. ഹോട്ടലുകൾ, ഭക്ഷ്യവസ്തു നിർമാണ യൂനിറ്റുകൾ, ചില്ലറ വിൽപനശാലകൾ എന്നിവിടങ്ങളിലെല്ലാം പരിശോധന നടത്തി. ഗുണനിലവാരത്തിൽ സംശയം തോന്നിയ ഭക്ഷ്യവസ്തുക്കളുടെ 18 സാമ്പിളുകൾ ലാബ് പരിശോധനക്കായി ശേഖരിച്ചു.പോരായ്മകൾ പരിഹരിച്ച് നിശ്ചിത സമയപരിധിക്കകം റിപ്പോർട്ട് നൽകണമെന്നാവശ്യപ്പെട്ട് 13 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. ചട്ടലംഘനം കണ്ടെത്തിയ ഏഴ് സ്ഥാപനങ്ങൾ താൽക്കാലികമായി അടച്ചിടാൻ നിർദേശിച്ചു. എന്നാൽ ഗുണനിവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ പിടികൂടി നശിപ്പിക്കുകയോ ഏതെങ്കിലും സ്ഥാപനത്തിന് പിഴ ചുമത്തുകയോ ചെയ്തിട്ടില്ല.



# ഓപറേഷൻ ഫോക്കസ് ഒരാഴ്ചക്കിടെ 314 കേസ്

**തൊടുപുഴ:** ടൂറിസ്റ്റ് ബസുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളിലെ നിയമലംഘനം തടയാനുള്ള ഓപറേഷൻ ഫോക്കസ് പരിശോധനയുടെ ഭാഗമായി ജില്ലയിൽ മോട്ടോർ വാഹന വകുപ്പും എൻഫോഴ്സ്മെന്റ് വിഭാഗവും ബുധനാഴ്ചവരെ എടുത്തത് 314 കേസുകൾ. വിവിധ സ്ക്വാഡുകളായി നടത്തിയ പരിശോധനയിലാണ് ടൂറിസ്റ്റ് ബസുകളിൽ ഉൾപ്പെടെ ഒട്ടേറെ നിയമലംഘനങ്ങൾ കണ്ടെത്തിയത്.വടക്കഞ്ചേരിയിൽ ടൂറിസ്റ്റ് ബസ് കെ.എസ്.ആർ.ടി.സിയിൽ ഇടിച്ചുണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിൽ ഏഴു മുതൽ 16 വരെയാണ് ഓപറേഷൻ ഫോക്കസ് -3 പ്രകാരമുള്ള സ്പെഷൽ ഡ്രൈവ് സംസ്ഥാന വ്യാപകമായി നടക്കുന്നത്. മോട്ടോർ വാഹന വകുപ്പ് ബുധനാഴ്ചവരെ 134 കേസാണ് രജിസ്റ്റർ ചെയ്തത്. വിവിധ നിയമലംഘനങ്ങളിൽ 4,95,000 രൂപ പിഴയീടാക്കി. 15 ടൂറിസ്റ്റ് വാഹനങ്ങളുടെ ഫിറ്റ്നസ് റദ്ദാക്കുകയും ചെയ്തു. വേഗപ്പൂട്ട് ബന്ധം വിച്ഛേദിച്ചതു ഉൾപ്പെടെയുള്ള നിയമലംഘനങ്ങളിലാണ് നടപടി. മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 180 കേസാണ് ബുധനാഴ്ചവരെ രജിസ്റ്റർ ചെയ്തത്. 1,38,750 രൂപ പിഴയായി ഈടാക്കി. 13 വാഹനങ്ങളുടെ ഫിറ്റ്നസ് എൻഫോഴ്സ്മെന്റ് വിഭാഗം റദ്ദുചെയ്തു.നിയമവിധേയമല്ലാതെ ലൈറ്റുകളും കാതടപ്പിക്കുന്ന എയർഹോണുകൾ ഘടിപ്പിച്ചതിന്റെ പേരിലാണ് കൂടുതൽ കേസുകളും. വാഹനത്തിൽ രൂപമാറ്റം വരുത്തിയതിനും വേഗപ്പൂട്ടിൽ കൃത്രിമം നടത്തിയതിനും കേസുകളെടുത്തു. ടൂറിസ്റ്റ് കേന്ദ്രങ്ങളും മറ്റും കേന്ദ്രീകരിച്ചാണ് പ്രധാനമായും വാഹന പരിശോധന. ഇവിടെയെത്തുന്ന വാഹനങ്ങളിൽ നിയമാനുസൃതമല്ലാതെ ലൈറ്റുകളും എയർഹോണുകളും മറ്റ് സംവിധാനങ്ങളും ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ഉടൻ അഴിച്ചുമാറ്റാൻ നിർദേശം നൽകിയിട്ടുണ്ട്. പരിശോധന ശക്തമാക്കിയതോടെ കോൺട്രാക്ട് വാഹനങ്ങളിൽ കൂടുതലും പുറത്തിറക്കുന്നില്ലെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. പരിശോധന കടുപ്പിച്ചതിനാൽ ഒട്ടേറെ വിനോദയാത്രകൾ റദ്ദുചെയ്തിട്ടുമുണ്ട്. പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് ഇടുക്കി ആർ.ടി.ഒ രമണൻ പറഞ്ഞു.




# മണ്ഡല മകരവിളക്ക്; കുമളിയിൽ വെർച്വൽ ക്യൂ ടിക്കറ്റ് ബുക്കിങ് സംവിധാനം

**കുമളി:** കോവിഡിനുശേഷമുള്ള തീർഥാടനകാലം എന്ന നിലയിൽ ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി കുമളി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഷാജിമോന്റെ അധ്യക്ഷതയിൽ സർവകക്ഷി യോഗം ചേർന്നു. അയ്യപ്പഭക്തരുടെ വലിയതിരക്ക് ഇത്തവണ ഉണ്ടാകാനാണ് സാധ്യതയെന്ന് യോഗം വിലയിരുത്തി. മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി കുമളി മുതൽ ചോറ്റുപാറവരെ വിവിധ ക്രമീകരണം പൂർത്തിയാക്കാൻ തീരുമാനമായി. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം കുമളിയിൽ ആരംഭിക്കും. ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ ആനവച്ചാൽ പാർക്കിങ് ഗ്രൗണ്ട് വിട്ടുനൽകണമെന്ന ആവശ്യവുമായി സർക്കാറിനെ സമീപിക്കാൻ തീരുമാനിച്ചു. പാർക്കിങ്ങിനായി ബദൽ സംവിധാനവും കണ്ടെത്തും. ചോറ്റുപാറയിൽ പൊലീസ് സ്ഥാപിച്ച വെർച്വൽ ക്യൂ ടിക്കറ്റ് ബുക്കിങ് സംവിധാനം ഇത്തവണയും നടപ്പാക്കും. വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന കർശനമാക്കുന്നതിനും പ്ലാസ്റ്റിക് പൂർണമായി നിരോധിക്കാനും തീരുമാനിച്ചു.യോഗത്തിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.കെ. ബാബുക്കുട്ടി, പഞ്ചായത്ത് സെക്രട്ടറി കെ. സെൻകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# പട്ടിമറ്റം ഡിവിഷൻ ഉപതെരഞ്ഞെടുപ്പ് നവംബർ ഒമ്പതിന്

**പട്ടിമറ്റം:** വടവുകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറായിരുന്ന വി.ആർ. അശോകൻറെ നിര്യാണത്തെ തുടർന്ന് ഒഴിവുവന്ന പട്ടിമറ്റം ഡിവിഷനിലേക്കുള്ള തെരഞ്ഞെടുപ്പ് നവംബർ ഒമ്പതിന് നടക്കും. കുന്നത്തുനാട് പഞ്ചായത്തിലെ ആറ്, ഏഴ്, എട്ട്, ഒമ്പത് വാർഡുകളും മഴുവന്നൂർ പഞ്ചായത്തിലെ 16,18,19 വാർഡുകളും ഉൾപ്പെട്ടതാണ് ഡിവിഷൻ. 13 ഡിവിഷനുള്ള വടവുകോട് ബ്ലോക്കിൽ യു.ഡി.എഫ് അഞ്ച്, ട്വൻറി20 അഞ്ച്, എൽ.ഡി.എഫ് മൂന്ന് എന്നിങ്ങനെയായിരുന്നു കക്ഷിനില. പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ ട്വൻറി 20 വിട്ടുനിന്നതോടെ കോൺഗ്രസിലെ വി.ആർ. അശോകൻ പ്രസിഡൻറായി. അശോകൻറെ നിര്യാണത്തോടെ കോൺഗ്രസിന് പ്രസിഡൻറ്സ്ഥാനം നഷ്ടപ്പെട്ടു. ഇതോടെ കോൺഗ്രസിന് നാലും ട്വൻറി20ക്ക് അഞ്ചും അംഗങ്ങളുമായി. നിലവിൽ ട്വൻറി20യുടെ റസിയ പരീത് ആണ് പ്രസിഡൻറ്. വൈസ് പ്രസിഡൻറ് കോൺഗ്രസിലെ അനു അച്ചു. പട്ടിമറ്റം ഡിവിഷൻ ഉപതെരഞ്ഞെടുപ്പ് മുന്നണികൾക്ക് നിർണായകമാണ്. നിലവിൽ ഏഴ് വാർഡുള്ള ഡിവിഷനിൽ അഞ്ച് വാർഡ് ട്വൻറി20യുടെ കൈയിലും ഒന്ന് യു.ഡി.എഫിൻറെ കൈയിലും ഒന്ന് എൽ.ഡിഎഫിൻറെ പക്കലുമാണ്. എന്നാൽ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഡിവിഷനിലേക്ക് യു.ഡി.എഫ് സ്ഥാനാർഥിയാണ് വിജയിച്ചത്.യു.ഡി.എഫ്, എൽ.ഡി.എഫ് മുന്നണികൾക്ക് പുറമെ ട്വൻറി20യും മത്സരരംഗത്ത് സജീവമായി ഉണ്ടാകും. പട്ടിമറ്റം ഡിവിഷനിലെ വിജയം അനുസരിച്ചാണ് വടവുകോട് ബ്ലോക്ക് ഭരണം ആർക്കെന്ന് വിലയിരുത്താൻ കഴിയൂ. യു.ഡി.എഫ് വിജയിച്ചാൽ വീണ്ടും പഴയതുപോലെ രണ്ട് കൂട്ടർക്കും അഞ്ച് വീതമാകും. എൽ.ഡി.എഫ് പിടിച്ചെടുത്താൽ യു.ഡി.എഫിനും എൽ.ഡി.എഫിനും നാല് സീറ്റ് വീതം ആകും. ട്വൻറി20 ആണ് വിജയിക്കുന്നതെങ്കിൽ അവർക്ക് ഭരണം നിലനിർത്താനാകും. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ സ്ഥാനാർഥി നിർണയ ചർച്ചയും മുന്നണികളിൽ സജീവമായി. ഒക്ടോബർ 21നാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. 25നാണ് പത്രിക പിൻവലിക്കാനുള്ള അവസാനതീയതി. ഇതോടെ തെരഞ്ഞെടുപ്പ് ചിത്രം വ്യക്തമാകും. നവംബർ 10ന് വോട്ടെണ്ണും.

# വ്യാജ കള്ള്, സ്പിരിറ്റ് കടത്ത്; പിന്നിൽ ഉദ്യോഗസ്ഥ-രാഷ്ട്രീയ ഒത്താശ

**ചിറ്റൂർ:** പരമ്പരാഗത കള്ള് വ്യവസായത്തിൻറെ മറവിൽ കോടികൾ വാരി ഉദ്യോഗസ്ഥ- രാഷ്ട്രീയ കൂട്ടുകെട്ട്. നിയന്ത്രിക്കാനാരുമില്ലാതെ വ്യാജ മാഫിയകൾ പിടിമുറുക്കുന്നു.അതിർത്തി പ്രദേശങ്ങളിലെ തെങ്ങിൻതോപ്പുകൾ കേന്ദ്രീകരിച്ച് തമിഴ്നാട്ടിൽനിന്നും കർണാടകയിൽനിന്നുമെല്ലാം സ്പിരിറ്റെത്തിച്ച് നിർബാധം കള്ളിൽ കലക്കി വിൽപന നടത്തുമ്പോൾ നിയന്ത്രിക്കേണ്ടവർ തന്നെ ചുക്കാൻ പിടിക്കുന്നുവെന്നത് പരസ്യമായ രഹസ്യമാണ്.ചിറ്റൂരിലെ എക്സൈസ്-രാഷ്ട്രീയ ബന്ധങ്ങളെക്കുറിച്ച് ഒളിഞ്ഞും തെളിഞ്ഞുമെല്ലാം നിരവധി ആക്ഷേപങ്ങളാണ് ഉയരുന്നത്. രാഷ്ട്രീയ സ്വാധീനം മൂലം ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥർ പരിശോധനകളൊന്നും നടത്തുന്നില്ലെന്നതാണ് യാഥാർഥ്യം.സ്പിരിറ്റോ വ്യാജ കള്ളോ പിടികൂടണമെങ്കിൽ മറ്റ് ജില്ലകളിൽനിന്നോ സംസ്ഥാന എൻഫോഴ്സ്മെൻറ് ടീമോ രംഗത്തെത്തണമെന്നതാണ് നിലവിലെ അവസ്ഥ. പലപ്പോഴും പാതിരാത്രികളിലെത്തി പരിശോധന നടത്തുന്ന പ്രത്യേക സംഘങ്ങൾ സ്പിരിറ്റോ വ്യാജ കള്ളോ പിടികൂടിയതിനു ശേഷം മാത്രമേ ബന്ധപ്പെട്ട എക്സൈസ് ഓഫിസുകളിൽ അറിയിക്കുകയുള്ളൂ. റെയ്ഡിനെക്കുറിച്ച് ചെറിയ സൂചനയെങ്കിലും ജില്ലയിലെ ചില എക്സൈസ് ഓഫിസുകളിൽ ലഭിച്ചാൽ വിവരം ചോരുമെന്നുറപ്പ്. മൂന്നുദിവസത്തിനിടെ അതിർത്തിയിലെ വിവിധ ഇടങ്ങളിൽനിന്ന് പിടികൂടിയത് 3,700ലേറെ ലിറ്റർ സ്പിരിറ്റാണ്. പിടികൂടിക്കഴിഞ്ഞ് സ്റ്റേറ്റ് എൻഫോഴ്സ്മെൻറ് ടീം അറിയിക്കുമ്പോഴാണ് ചിറ്റൂരിലെ ഉദ്യോഗസ്ഥർ അറിയുന്നതുതന്നെ.

ഉറവിടം കണ്ടെത്തൽ സിംപിൾ;

ഓരോ ദിവസവും ചിറ്റൂരിൽ നിന്നുപോവുന്ന കള്ള് ജില്ല അതിർത്തിയിൽതന്നെ പരിശോധന നടത്തുന്നുണ്ടെന്നാണ് വെപ്പ്. കൃത്യമായ ഇടവേളകളിൽ സംസ്ഥാനത്തെ ഓരോ ഷാപ്പുകളിൽനിന്ന് സാമ്പിൾ പരിശോധനയ്ക്കെടുക്കാറുമുണ്ട്.അങ്ങനെയെങ്കിൽ വ്യാജ കള്ളിൻറെ ഉറവിടം എവിടെ നിന്നാണെന്നത് മാത്രമല്ല, ഏത് തെങ്ങിൻ തോപ്പിൽ നിന്നാണെന്നുപോലും തിരിച്ചറിയാനുള്ള സംവിധാനങ്ങൾ എക്സൈസ് വകുപ്പിനുണ്ട്. എന്നാൽ, പരിശോധന വിവരം ചേർത്താൻ വകുപ്പിൽതന്നെ ആളുകളുള്ളപ്പോൾ ഒന്നും പേടിക്കാനില്ല.പല തോപ്പുകളിലും 100-150 തെങ്ങുകൾ ചെത്തുന്നത് രണ്ട്-മൂന്ന് തൊഴിലാളികൾ മാത്രം. ഉൽപാദനം 75 മുതൽ 100 ലിറ്റർ വരെയെന്നാണ് തൊഴിലാളികൾ പറയുന്നത്. എന്നാൽ, ഇവിടങ്ങളിൽ നിന്നും കയറ്റി പോകുന്നത് മൂന്നിരട്ടിയോ നാലിരട്ടിയോ കള്ളാണ്.പെർമിറ്റിന്റെ മറവിൽ നടക്കുന്നത് വ്യാജ കള്ള് ഉൽപാദനവും വിപണനവുമാണെന്നതാണ് ഇത് സൂചിപ്പിക്കുന്നത്. പെർമിറ്റിന്റെ മറവിൽ കള്ള് ചെത്ത് മേഖലയിൽ കാലങ്ങളായി നടക്കുന്ന ഇത്തരം നിയമവിരുദ്ധ പ്രവർത്തനം പരമ്പരാഗതമായ കള്ള് ചെത്ത് വ്യവസായത്തെ തകർക്കുന്നതും ഇതിനെ ആശ്രയിച്ചു കഴിയുന്ന ആയിരക്കണക്കിന് കുടുംബങ്ങളെ പട്ടിണിയിലേക്ക് തള്ളിവിടുന്നതുമാണ്.വസ്തുത കണ്ടെത്താനുള്ള പരിശോധന നടക്കാറില്ല. അല്ലെങ്കിൽ അധികൃതരുടെ മൗനാനുവാദം ഇതിനുപിറകിലുണ്ട് എന്നുവേണം കരുതാൻ.

പഴുതടച്ച നീക്കം;

വിവരം ചോരാതിരിക്കാൻ പഴുതടച്ച നീക്കങ്ങളാണ് ഇൻറലിജൻസ്, എൻഫോഴ്സ്മെൻറ് സംഘങ്ങൾ നടത്തിയത്. 11ന് വെളുപ്പിന് അതിർത്തിയിലെ തെങ്ങിൻ തോപ്പുകളിൽ പരിശോധന നടക്കുമ്പോൾ ജില്ലയിലെ ഉൾപ്പെടെ രാഷ്ട്രീയ ബന്ധങ്ങളുള്ള ഉദ്യോഗസ്ഥരെല്ലാം എക്സൈസ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് എറണാകുളത്തായിരുന്നു.രാഷ്ട്രീയ ഇടപെടൽ സാധ്യതയെ മുളയിലേ നുള്ളാനുള്ള ഈ നീക്കം നിർണായകമായി. 25 കന്നാസുകളിലായി സൂക്ഷിച്ച 875 ലിറ്റർ ഒരിടത്തുനിന്ന് പിടികൂടുകയും പ്രതികളെ വിശദമായി ചോദ്യം ചെയ്യുകയും മറ്റൊരു 595 ലിറ്റർ കൂടി അന്നുതന്നെ പിടികൂടി. രാഷ്ട്രീയ ഇടപെടലുണ്ടായിരുന്നെങ്കിൽ ഇത് സാധ്യമാവില്ലെന്നുറപ്പ്.രണ്ട് എക്സൈസ് ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം. ചിറ്റൂർ സർക്കിൾ ഇൻസ്പെക്ടർ, റേഞ്ച് ഇൻസ്പെക്ടർ എന്നിവരെയാണ് സ്ഥലം മാറ്റിയത്. സർക്കിൾ ഇൻസ്പെക്ടറായ ഡി. അരുണിനെ ഇടുക്കിയിലേക്കും റേഞ്ച് ഇൻസ്പെക്ടറായ അശ്വിൻ കുമാറിനെ കുമ്പളയിലേക്കുമാണ് സ്ഥലം മാറ്റിയത്.എക്സൈസ് കമീഷണർ എസ്.എ അനന്തകൃഷ്ണനാണ് ഉത്തരവിറക്കിയത്. രണ്ടുദിവസങ്ങളിലായി കിഴക്കൻ മേഖലയിലെ വിവിധയിടങ്ങളിൽ സ്പിരിറ്റ് പിടികൂടിയ സംഭവവുമായി ബന്ധപ്പെട്ടാണ് സ്ഥലം മാറ്റമെന്നാണ് അറിയുന്നത്. ചിറ്റൂരിലെ എക്സൈസ് വകുപ്പ് നിഷ്ക്രിയമാണെന്ന ആരോപണം കഴിഞ്ഞദിവസങ്ങളായി ഉയർന്നിരുന്നു.




# അമിത മൊബൈൽ ഫോൺ ഉപയോഗം; കുട്ടികളിൽ നേത്രരോഗങ്ങൾ വർധിച്ചു

**അങ്കമാലി:** കോവിഡ് കാലഘട്ടത്തിലെ ഓൺലൈൻ ക്ലാസുകളും, അമിത മൊബൈൽ ഫോൺ ഉപയോഗവും കുട്ടികളിൽ കോങ്കണ്ണ് ഉൾപ്പെടെ നേത്രരോഗങ്ങൾ വർധിക്കാൻ ഇടയായെന്ന് നേത്രചികിത്സ രംഗത്തെ വിദഗ്ധർ അഭിപ്രായപ്പെട്ടു. അങ്കമാലി എൽ.എഫ് ആശുപത്രിയിൽ സംഘടിപ്പിച്ച സെമിനാർ, പ്രമേഹവും രക്തസമ്മർദവും അധികരിക്കുന്നത് കാഴ്ച പ്രശ്നങ്ങൾ വർധിപ്പിക്കുന്നുവെന്നും വിലയിരുത്തി.ലോക കാഴ്ചദിനത്തോടനുബന്ധിച്ച് 'വിഷൻ 20 -20' ദ റൈറ്റ് ടു സൈറ്റ് ഇന്ത്യ, കേരള സ്റ്റേറ്റ് ഒഫ് ത്താൽമോളജിക്കൽ സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെ 'നൽകാഴ്ച -ഇന്നലെ, ഇന്ന്, നാളെ -സെമിനാർ സംഘടിപ്പിച്ചത്. എൽ.എഫ് മെഡിക്കൽ ഡയറക്ടർ എമരിറ്റസ് ഡോ. ടോണി ഫെർണാണ്ടസ് ഉദ്ഘാടനം നിർവഹിച്ചു. ബെന്നി ബഹനാൻ എം.പി വോക്കത്തോൺ ഫ്ലാഗ് ഓഫ് ചെയ്തു. എൽ.എഫ്.ആശുപത്രി ഡയറക്ടർ ഡോ. ജോയ് അയിനിയാടൻ അധ്യക്ഷത വഹിച്ചു. ഡോ. തോമസ് ചെറിയാൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.



# ആറു മാസത്തിനിടെ തൃക്കാക്കരയിൽ ആരംഭിച്ചത് 394 സംരംഭങ്ങൾ

**കാക്കനാട്:** ആറു മാസത്തിനിടെ തൃക്കാക്കര മണ്ഡലത്തിൽ ആരംഭിച്ചത് 394 സംരംഭങ്ങൾ. 1058 പേർക്കാണ് ഇതു വഴി തൊഴിൽ ലഭിച്ചത്. സംസ്ഥാന സർക്കാറിൻറെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ അവലോകന യോഗത്തിലാണ് അധികൃതർ ഇക്കാര്യം വ്യക്തമാക്കിയത്.ജില്ല പഞ്ചായത്ത് ഇ.എം.എസ് ഹാളിൽ നടന്ന അവലോകന യോഗം ഉമാ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വ്യവസായ വകുപ്പിൻറെ പദ്ധതി പ്രകാരം ചുരുങ്ങിയ കാലയളവിൽ മികച്ച നേട്ടമാണ് തൃക്കാക്കര മണ്ഡലം കൈവരിച്ചതെന്ന് എം.എൽ.എ പറഞ്ഞു.ആറു മാസം പിന്നിടുമ്പോൾ മണ്ഡലത്തിൽ ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്നതിന്റെ 46.84 ശതമാനം പൂർത്തിയായിട്ടുണ്ട്. ഇതുവഴി 28.68 കോടി രൂപയുടെ നിക്ഷേപം നടന്നു. തൃക്കാക്കര നഗരസഭയിൽ 197 സംരംഭങ്ങളും കൊച്ചി കോർപറേഷനിൽ 197 സംരംഭങ്ങളുമാണ് ആരംഭിച്ചിരിക്കുന്നത്. ജില്ല പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ് യോഗത്തിൽ മുഖ്യാതിഥിയായി.ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ്, തൃക്കാക്കര നഗരസഭ അധ്യക്ഷ അജിത തങ്കപ്പൻ, വൈസ് ചെയർമാൻ കെ.കെ. ഇബ്രാഹീം കുട്ടി, വ്യവസായ വർക്കിങ് ഗ്രൂപ് ചെയർപേഴ്സൻ സജീന അക്ബർ, കണയന്നൂർ താലൂക്ക് ഉപജില്ല വ്യവസായ ഓഫിസർ പി. നമിത, തൃക്കാക്കര നഗരസഭ വ്യവസായ വികസന ഓഫിസർ കെ.കെ. ദീപ തുടങ്ങിയവർ സംസാരിച്ചു.




# ആഗോള കൈകഴുകൽ ദിനം

എല്ലാ വർഷവും ഒക്ടോബർ 15 ആഗോള കൈകഴുകൽ ദിനമായി ആചരിക്കുന്നു.സോപ്പുപയോഗിച്ച് സ്ഥിരമായി ഇടയ്ക്കിടെ കൈകഴുകുന്ന ശീലം വളർത്തിയെടുക്കുന്നതിന്റെ ഗുണങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ ദിനം ആചരിക്കുന്നത്.'ഏവർക്കും കരശുദ്ധി' എന്നതാണ് ഈ വർഷത്തെ വിഷയം.2008 ലാണ് ആദ്യത്തെ ആഗോള കൈകഴുകൽ ദിനം ആചരിച്ചത്.അന്നു മുതൽ വിദ്യാലയങ്ങൾ,സർക്കാർ -സർക്കാരിതര സ്ഥാപനങ്ങൾ എന്നിവർ ഈ ദിനാചരണത്തിൽ പങ്കുചേരുന്നു. ലോകാരോഗ്യ സംഘടനയും യൂണിസെഫും സംയുക്തമായി നയിക്കുന്ന 'ഹാൻഡ് ഹൈജിൻ ഫോർ ഓൾ ഗ്ലോബൽ ഇനിഷ്യേറ്റീവ് ' രാഷ്ട്രീയ ഇടപെടലിലൂടെയും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെയും കരങ്ങളുടെ ശുദ്ധി ഉറപ്പാക്കുന്നതിനായി പ്രയത്നിക്കുന്നു. കൈകളുടെ ശുചിത്വം എങ്ങിനെ ഒരു വ്യക്തിയുടെ മുഴുവൻ ആരോഗ്യത്തേയും ബാധിയ്ക്കുന്നു എന്ന് കോവിഡ് 19 മഹാമാരി നമുക്ക് കാണിച്ചുതന്നു.പലപ്പോഴും കൈകഴുകുന്നതിന്റെ പ്രാധാന്യം തമസ്ക്കരിക്കപ്പെടുന്നത് പ്രധാന ഇടങ്ങളിൽ അതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് കൂടിയാണ്.ആഗോളതലത്തിൽ 300 കോടി ആളുകൾക്ക് കൈ കഴുകുന്നതിനുള്ള സൗകര്യങ്ങൾ ലഭിയ്ക്കുന്നില്ല.അവികസിത രാജ്യങ്ങളിലെ 75% ആളുകൾക്കും സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടെ കൈകഴുകുന്നതിനുള്ള സൗകര്യമില്ല.സ്ഥിരമായി യുദ്ധം നടന്നുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ ഉള്ളവരും അഭയാർത്ഥിക്യാമ്പുകളിൽ കഴിയുന്നവരും ചേരി പ്രദേശങ്ങളിലും മറ്റും കഴിയുന്നവരുമായ ആളുകൾക്കാണ് കൂടുതലായി ഈ സൗകര്യങ്ങൾ ലഭ്യമല്ലാത്തത്. സ്വയം അസുഖ ബാധിതരാകാത്തിരിക്കാനും മറ്റുള്ളവരിലേക്ക് രോഗാണുക്കൾ പകർന്നു കൊടുക്കാതിരിക്കാനുമുള്ള ഏറ്റവും നല്ല മാർഗമാണ് കൈകൾ ശുചിയാക്കി വയ്ക്കുക എന്നത് . കൈകൾ വൃത്തിയുള്ള വെള്ളത്തിൽ സോപ്പ് ഉപയോഗിച്ചു കഴുകി വൃത്തിയാക്കുന്നതിലൂടെ പലരോഗങ്ങളും പ്രതിരോധിക്കാൻ സാധിക്കും. സാൽമൊണല്ല, ഇ കോളി, നോറോ വൈറസ് എന്നിവയുടെ പ്രധാന സ്രോതസ്സാണ് മനുഷ്യരുടെയും മൃഗങ്ങളുടെയും വിസർജ്യം. വിസർജ്യത്തിലുള്ള ഈ അണുക്കൾ കൈകൾ വഴി മനുഷ്യ ശരീരത്തിൽ എത്തി വയറിളക്കം ശ്വാസകോശരോഗങ്ങൾ എന്നിവയ്ക്ക് പുറമേ ഹാൻഡ്- ഫൂട്ട് -മൗത്ത് ഡിസീസ് പോലുള്ള രോഗങ്ങളും ഉണ്ടാകുന്നതിനു കാരണമാകുന്നു .

ശുചിമുറി ഉപയോഗിച്ചശേഷമോ ,ഡയപ്പർ മാറ്റിയതിനുശേഷമോ പച്ച മാംസം കൈകാര്യം ചെയ്തതിനു ശേഷമോ കൈകൾ വൃത്തിയാക്കാതിരുന്നാൽ ഇത്തരം രോഗാണുക്കൾ കൈകളിൽനിന്നും മനുഷ്യരുടെ ഉള്ളിൽ എത്താം. ആളുകൾ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മൂക്കും വായും പൊത്തിപ്പിടിക്കാത്തതു മൂലം രോഗാണുക്കൾ പ്രവേശിച്ച ഏതെങ്കിലും വസ്തുക്കളിൽ മറ്റാരെങ്കിലും തൊടുക വഴിയും രോഗാണുക്കൾ മനുഷ്യശരീരത്തിൽ എത്താം. ഗോവണിയുടെ യുടെ കൈവരികൾ, മേശ,കസേര, കളിപ്പാട്ടങ്ങൾ,കമ്പ്യൂട്ടറുകൾ, വാതിലിന്റെ പിടി ,താക്കോൽ മുതലായവ വഴി രോഗാണുക്കൾ പകരുന്നതിനുള്ള സാധ്യത കൂടുതലാണ് . കണ്ണുകൾ, മൂക്ക് ,വായ് എന്നിവിടങ്ങളിൽ സ്പർശിച്ചു കൊണ്ടിരിക്കുന്നു ശീലം പലർക്കുമുണ്ട് .ഇവ വഴിയും രോഗാണുക്കൾ ഉള്ളിലെത്താം. വൃത്തിയാക്കാതെ ഭക്ഷണം പാകം ചെയ്യുകയോ കഴിക്കുകയോ ചെയ്യുന്നതു മൂലം രോഗാണുക്കൾ ഭക്ഷണത്തിൽ എത്തുകയും ആളുകളെ രോഗികൾ ആക്കുകയും ചെയ്യാം.

ലോകത്ത് ഏകദേശം 1.8 മില്യൺ കുട്ടികൾ വയറിളക്കവും ന്യൂമോണിയയും മൂലം മരിക്കുന്നു. കൈകൾ ശുചിയാക്കുന്നത് മൂന്നിലൊന്ന് കുട്ടികളെ വയറിളക്കത്തിൽ നിന്നും അഞ്ചിലൊന്ന് കുട്ടികളെ ന്യൂമോണിയ പോലുള്ള




ശ്വാസകോശ രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. സ്കൂളുകളിൽ കുട്ടികളുടെ ഹാജർ വർധിപ്പിക്കുന്നതിനു സഹായിക്കുന്നു.

## കൈകൾ സ്ഥിരമായി കഴുകുന്നതിലൂടെ

1. വയറിളക്കം മൂലം രോഗബാധിതരാകുന്ന ആളുകളുടെ ശതമാനം 23 മുതൽ 40 ശതമാനം വരെ കുറയ്ക്കാം
2. ശാസകോശ രോഗങ്ങൾ 16 മുതൽ 25 ശതമാനം വരെ കുറയ്ക്കാം
3. കുട്ടികളിലെ ഉദരരോഗങ്ങൾ 29 മുതൽ 57 ശതമാനം വരെ കുറയ്ക്കാം


## നിർബന്ധമായും കൈകൾ കഴുകേണ്ടത് എപ്പോഴെല്ലാം ?

1. ഭക്ഷണം പാകം ചെയ്യുന്നതിനു മുൻപും ശേഷവും
2. ഭക്ഷണം കഴിക്കുന്നതിനു മുൻപും ശേഷവും
3. രോഗികളെ പരിചരിക്കുന്നതിനു മുൻപും ശേഷവും
4. മുറിവുണ്ടായാൽ അത് പരിചരിക്കുന്നതിനു മുൻപ്
5. കുഞ്ഞിന്റെ ഡയപ്പർ മാറ്റിയ ശേഷം
6. മൃഗങ്ങളെ പരിപാലിച്ച ശേഷം
7. മാലിന്യങ്ങൾ കൈകാര്യം ചെയ്തതിന് ശേഷം
8. തുമ്മിയതിനും ചുമച്ചതിനും ശേഷം

**സോപ്പും വെള്ളവും ഉപയോഗിച്ചോ 60% എങ്കിലും ആൽക്കഹോൾ ഉള്ള ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ചോ കൈകൾ ശുചിയാക്കുക.**




# ലോക വൈറ്റ് കെയിൻ ദിനം



അന്ധരോ കാഴ്ചയില്ലാത്തവരോ ആയ പലരും യാത്ര ചെയ്യുമ്പോൾ ഉപയോഗിക്കുന്ന ഒരു ഉപകരണമാണ് വൈറ്റ് കെയിൻ അഥവാ വെള്ള വടി. ഒപ്പം ഇത് അന്ധതയുടെ സൂചകവുമാണ്. വെള്ള വടി പ്രാഥമികമായി കാഴ്ചയില്ലാത്തവരെ വഴിയിലെ തടസ്സങ്ങൾ തിരിച്ചറിഞ്ഞ് പരാശ്രയമില്ലാതെ നടക്കാൻ അനുവദിക്കുന്നു. അതുപോലെ തന്നെ ഈ വടി കയ്യിലുള്ളയാൾ അന്ധരോ കാഴ്ചയില്ലാത്തവരോ ആണെന്ന് മറ്റുള്ളവർ തിരിച്ചറിയുന്നതിനും ഉചിതമായ പരിചരണം ലഭിക്കുന്നതിനും സഹായിക്കും. ചില രാജ്യങ്ങളിൽ വൈറ്റ് കെയിൻ നിയമമനുസരിച്ച് ട്രാഫിക്ക് നിർത്താൻ പോലും കഴിയും.വൈറ്റ് കെയിൻ ഉപയോഗരീതികളെക്കുറിച്ചും അതിന്റെ ഗുണങ്ങളെ കുറിച്ചും ശരിയായ ബോധവത്കരണം ഇല്ലാത്തതിനാൽ, ലോകത്ത് എല്ലായിടത്തും കാഴ്ചയില്ലാത്തവർ കൊണ്ടു നടക്കുന്ന വൈറ്റ് കെയ്ൻ കേരളത്തിൽ പ്രചാരത്തിലേക്ക് എത്തുന്നതേയുള്ളൂ. കേരളത്തിൽ അന്ധരായവരിൽ 60 ശതമാനം പേരും ഇപ്പോഴും വൈറ്റ് കെയിൻ ഉപയോഗിക്കുന്നില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നുഅന്ധരായ ആളുകൾ നൂറ്റാണ്ടുകളായി വടികൾ സഞ്ചാര സഹായക ഉപകരണങ്ങളായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ആണ് വെളുത്ത വടി അവതരിപ്പിക്കപ്പെട്ടത്.1921-ൽ ബ്രിസ്റ്റലിൽ നിന്നുള്ള ഒരു ഫോട്ടോഗ്രാഫർ ജെയിംസ് ബിഗ്സ് ഒരു അപകടത്തെ തുടർന്ന് അന്ധനായിത്തീർന്നു. വീടിന് ചുറ്റുമുള്ള കൂടിയ ട്രാഫിക്കിൽ അസ്വസ്ഥതയുണ്ടായ അദ്ദേഹം തന്റെ വാക്കിംഗ് സ്റ്റിക്ക് മറ്റുള്ളവർക്ക് കൂടുതൽ എളുപ്പത്തിൽ കാണാവുന്ന രീതിയിൽ വെള്ള നിറത്തിൽ ആക്കി.1931 ൽ ഫ്രാൻസിൽ ഗില്ലി ഡി ഹെർബെമോണ്ട് അന്ധരായ ആളുകൾക്കായി ഒരു ദേശീയ വൈറ്റ് സ്റ്റിക്ക് പ്രസ്ഥാനം ആരംഭിച്ചു. 1931 ഫെബ്രുവരി 7 ന് ഗില്ലി ഡി ഹെർബെമോണ്ട്, നിരവധി ഫ്രഞ്ച് മന്ത്രിമാരുടെ സാന്നിധ്യത്തിൽ അന്ധരായ ആളുകൾക്ക് ആദ്യത്തെ രണ്ട് വെളുത്ത ചൂരൽ പ്രതീകാത്മകമായി നൽകി. ഒന്നാം ലോകമഹായുദ്ധത്തിൽ നിന്നുള്ള അന്ധരായ ഫ്രഞ്ച് സൈനികർക്കും അന്ധരായ സാധാരണക്കാർക്കും ആയി അയ്യായിരം വെള്ള ചൂരലുകൾ പിന്നീട് നൽകി.അമേരിക്കൻ ഐക്യനാടുകളിൽ വൈറ്റ് കെയിൻ അവതരിപ്പിച്ചത് ലയൺസ് ക്ലബ്സ് ഇന്റർനാഷണലിന്റെ ജോർജ്ജ് എ. ബോൻഹാം ആണ്. 1930 ൽ, ഇരുണ്ട നടപ്പാതയിൽ, വാഹനമോടിക്കുന്നവർക്ക് കാണാനാകാത്ത കറുത്ത വടിയുമായി അന്ധനായ ഒരാൾ തെരുവ് മുറിച്ചു കടക്കാൻ ശ്രമിക്കുന്നത് ഒരു ലയൺസ് ക്ലബ് അംഗം നിരീക്ഷിച്ചു. വടി കൂടുതൽ ദൃശ്യമാകുന്നതിനായി വെള്ള നിറത്തിൽ ആക്കാൻ ലയൺസ് തീരുമാനിച്ചു. 1931 ൽ ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ, അന്ധരായ ആളുകൾക്ക് വെളുത്ത ചൂരൽ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന ഒരു പരിപാടി ആരംഭിച്ചു.ആദ്യത്തെ പ്രത്യേക വൈറ്റ് കെയിൻ ഓർഡിനൻസ് 1930 ഡിസംബറിൽ ഇല്ലിനോയിയിലെ പിയോറിയയിൽ പാസാക്കി.വാലി ഫോർജ് ആർമി ഹോസ്പിറ്റലിലെ രണ്ടാം ലോകമഹായുദ്ധ സൈനികരുടെ പുനരധിവാസ സ്പെഷ്യലിസ്റ്റ് റിച്ചാർഡ് ഇ. ഹൂവർ ആണ് നീളമുള്ള ചൂരൽ മെച്ചപ്പെടുത്തിയത്. 1944 ൽ അദ്ദേഹം ലയൺസ് ക്ലബ് വൈറ്റ് കെയിൻ (യഥാർത്ഥത്തിൽ മരം കൊണ്ട് നിർമ്മിച്ചതാണ്) എടുത്ത് ഒരാഴ്ചയോളം കണ്ണ് മൂടി ആശുപത്രിയിൽ ചുറ്റി സഞ്ചരിച്ചു. ഈ സമയത്ത് അദ്ദേഹം 'ലോങ് കെയിൻ ട്രെയിനിങ്' അഥവാ 'ഹൂവർ മെത്തേഡ്' വികസിപ്പിച്ചെടുത്തു. അദ്ദേഹത്തെ ഇപ്പോൾ ഭാരം കുറഞ്ഞ ലോംഗ് കെയ്ൻ ടെക്നിക്കിന്റെ പിതാവ് എന്ന് വിളിക്കുന്നു.1964 ഒക്ടോബർ 6 ന്, ഓരോ വർഷവും ഒക്ടോബർ 15 'വൈറ്റ് കെയിൻ സേഫ്റ്റി ഡേ' ആയി പ്രഖ്യാപിക്കാൻ അമേരിക്കൻ പ്രസിഡന്റിനെ അധികാരപ്പെടുത്തുന്ന നിയമത്തിൽ ഒപ്പുവച്ചു. പ്രസിഡന്റ് ലിൻഡൺ ജോൺസണാണ് ആദ്യമായി ഈ പ്രഖ്യാപനം നടത്തിയത്

BUSINESS NEWS




# ഐസിഐസിഐ ബാങ്ക് 'സ്മാർട്ട് വയർ'

രാജ്യത്തിനകത്തേയ്ക്ക് വേഗത്തിലും തടസരഹിതമായും പണമയയ്ക്കുന്നതിന് ഐസിഐസിഐ ബാങ്ക് 'സ്മാർട്ട് വയർ' എന്ന പുതിയ ഓൺലൈൻ സൊല്യൂഷൻ പുറത്തിറക്കി. സ്വിഫ്റ്റ് അടിസ്ഥാനപ്പെടുത്തി തയാറാക്കിയിട്ടുള്ള ഈ സൗകര്യം ഉപയോഗിച്ച് വിദേശ ഇന്ത്യക്കാർക്കും ഇന്ത്യയിലെ താമസക്കാർക്കും ഓൺലൈനായും കടലാസ് രഹിതമായും രാജ്യത്തിനകത്തു പണമയയ്ക്കാം. ഇത്തരത്തിൽ വേഗത്തിൽ പണം സ്വീകരിക്കുന്നതിന് ഓൺലൈൻ സൊല്യൂഷൻ അവതരിപ്പിക്കുന്ന രാജ്യത്തെ ആദ്യത്തെ ബാങ്കാണ് ഐസിഐസിഐ ബാങ്ക്.വിദേശ ഇന്ത്യക്കാർക്കും ഇന്ത്യയിൽ താമസിക്കുന്നവർക്കും ഒരേപോലെ എളുപ്പത്തിലും വേഗത്തിലും തടസരഹിതമായും അതിർത്തിക്കപ്പുറത്തേക്ക് പണം കൈമാറ്റം ചെയ്യാൻ ബാങ്കിംഗ് മേഖലയിലെ ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമായ 'സ്മാർട്ട് വയർ' സൗകര്യമൊരുക്കുമെന്ന് ഐസിഐസിഐ ബാങ്കിന്റെ ഇന്റർനാഷണൽ ബാങ്കിംഗ് ഗ്രൂപ്പ് മേധാവി ശ്രീറാം എച്ച് അയ്യർ പറഞ്ഞു.ഇന്റർനെറ്റ് ബാങ്കിംഗ് പ്ലാറ്റ്ഫോമിൽ ലോഗിൻ ചെയ്ത് ഉപഭോക്താക്കൾക്ക് 'സ്മാർട്ട് വയർ' സൗകര്യം ഉപയോഗിക്കാം. ഗുണഭോക്താവിന് മുൻകൂട്ടി പൂരിപ്പിച്ച വയർ ട്രാൻസ്ഫർ അഭ്യർത്ഥന ഫോം ഓൺലൈനിൽ സൃഷ്ടിക്കാം. തടസ്സമില്ലാതെ ഇടപാടിന്റെ പ്രക്രിയയ്ക്കായി വയർ ഇടപാട് ആരംഭിക്കുമ്പോൾതന്നെ ആവശ്യമായ വിശദാംശങ്ങൾ ഓൺലൈനായി സമർപ്പിക്കാൻ സാധിക്കും. വിനിമയനിരക്ക് മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കും തുടങ്ങിയവ സ്മാർട്ട് വയറിന്റെ സവിശേഷതകളാണ്. ഇന്റർനെറ്റ് ബാങ്കിംഗ് പേർട്ടലിൽ ലോഗിൻ ചെയ്ത് എപ്പോൾ വേണമെങ്കിലും ഗുണഭോക്താവിന് ഇടപാടുകൾ നിരീക്ഷിക്കാനും ഇതിൽ സൗകര്യമുണ്ട്. ഗുണഭോക്താവ് പണം കൈമാറ്റത്തിനുള്ള അഭ്യർത്ഥന നടത്തിക്കഴിഞ്ഞാൽ വയർ ട്രാൻസ്ഫറിന്റെ പൂർണമായ വിശദാംശങ്ങൾ പണം അയയ്ക്കുന്നയാളുമായി പങ്കുവയ്ക്കപ്പെടുകയും ചെയ്യുന്നു.




# ജിയോസിനിമ ഫിഫ വേൾഡ് കപ്പ് ഖത്തറിന്റെ ഡിജിറ്റൽ ഹോം ആകും ഇന്ത്യയിൽ ഫിഫ ലോകകപ്പ് തത്സമയം സംപ്രേക്ഷണം ചെയ്യും

**കൊച്ചി:**ഇന്ത്യയിലെ പുതിയ പ്രീമിയർ സ്പോർട്സ് നെറ്റ്വർക്കായ വയാകോം18 സ്പോർട്സ്, ഫിഫ വേൾഡ് കപ്പ് ഖത്തർ 2022മായി ബന്ധപ്പെട്ട എല്ലാ മത്സരങ്ങളും ജിയോ സിനിമയിൽ ലൈവ്-സ്ട്രീം ചെയ്യുമെന്നും ക്യൂറേറ്റ് ചെയ്ത ഉള്ളടക്കം നൽകുമെന്നും പ്രഖ്യാപിച്ചു. നവംബർ 20 മുതൽ ഡിസംബർ 18 വരെയുള്ള ആഗോള തലത്തിലുള്ള പ്രധാന മത്സരം എല്ലാ കാഴ്ചക്കാർക്കും ജിയോ സിനിമയിൽ സൗജന്യമായി ലഭ്യമാകും. ടിവി പ്രക്ഷേപണ ഷെഡ്യൂളിൽ സ്പോർട്സ്18 - 1 എസ്ഡി, എച്ച്ഡി എന്നിവ ഉൾപ്പെടുന്നു.വയാകോം18 സ്പോർട്സിന്റെ പോർട്ട്ഫോളിയോ നാലുവർഷത്തിലൊരിക്കലുള്ള ഷോപീസ് ഉൾപ്പെടെയുള്ള ലൈവ്, നോൺ-ലൈവ് പ്രോഗ്രാമിംഗിലേക്കുള്ള ആക്സസ് സഹിതം എല്ലാ ടെലികോം സേവന വരിക്കാർക്കും ശഛഠ, ആൻഡ്രോയിഡ് എന്നിവയുൾപ്പെടെയുള്ള ഉപകരണങ്ങളിൽ ഉടനീളം ഡൗൺലോഡ് ചെയ്യാൻ ജിയോ സിനിമ ആപ്പ് ഉടൻ ലഭ്യമാകും.ഡാറ്റ ഉപഭോഗത്തിലെ പലമടങ്ങിലുള്ള വർദ്ധനവ് സ്മാർട്ട്ഫോണുകളെയും കണക്റ്റഡ് ടിവികളെയും ഇന്ത്യയിലെ ഉള്ളടക്ക ഉപഭോഗത്തിന്റെ പ്രധാന രീതിയാക്കി മാറ്റി. വയാകോം18 സ്പോർട്സിന്റെ 64-മാച്ച് ഷോകേസ് ഇന്ത്യയിലെ ഫിഫ വേൾഡ്കപ്പ് അവതരണത്തിൽ ആദ്യമായുള്ള 4കെ തത്സമയ സ്ട്രീമിംഗ് മുഖേന പ്രധാന്യത്തോടെ പ്രക്ഷേപണം ചെയ്യും. അവതരണവും, സബ്സ്ക്രിപ്ഷൻ ഫീസും ഈടാക്കാതെ ജിയോ സിനിമയിൽ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, മലയാളം, ബംഗാളി എന്നിവയുൾപ്പെടെ ഒന്നിലധികം ഭാഷാ ഫീഡുകളുണ്ടാവും.'വയാകോം18 സ്പോർട്സിന്റെ ഫിഫ വേൾഡ് കപ്പ് ഖത്തർ 2022-ന്റെ മൾട്ടി-പ്ലാറ്റ്ഫോം അവതരണം ആകർഷകവും വ്യക്തിഗതമാക്കിയതും ജിയോസിനിമയിൽ കാഴ്ചക്കാർക്ക് പ്രത്യേക അനുഭവം നൽകുന്നതുമായിരിക്കും,' വയാകോം18 സ്പോർട്സ് സിഇഒ അനിൽ ജയരാജ് പറഞ്ഞു. "ഇവന്റിന്റെ നിലവാരവുമായി പൊരുത്തപ്പെടുന്നതിന് ഉപഭോക്താക്കൾക്ക് ഡിജിറ്റൽ, ലീനിയർ പ്ലാറ്റ്ഫോമുകളിൽ (സ്പോർട്സ് 18-ൽ) ലോകനിലവാരമുള്ള പ്രൊഡക്ഷനിലേക്ക് എളുപ്പത്തിൽ പ്രവേശനം ലഭിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ആരാധകരുടെ അനുഭവം പുനർരൂപകൽപ്പന ചെയ്യുന്നതിനും ഇന്ത്യയിലെ ഏറ്റവും പ്രിയപ്പെട്ട മാധ്യമ പ്ലാറ്റ്ഫോമുകളിലൊന്ന് സൃഷ്ടിക്കുന്നതിനുമാണ് ഞങ്ങൾ ശ്രമിക്കുന്നത്.'ഫിഫ വേൾഡ് കപ്പിന്റെ 2022 പതിപ്പിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ ഇന്ത്യയിൽ പ്രൈംടൈമിൽ കാണാം (18:30, 20:30, 21:30). ഗ്രൂപ്പ് സ്റ്റേജ് പ്രൈംടൈം മത്സരങ്ങളിൽ ഫ്രാൻസ് ഡെൻമാർക്ക്, ഇംഗ്ലണ്ട് ഇറാൻ, പോർച്ചുഗൽ, ഘാന, ബ്രസീൽ സ്വിറ്റ്സർലൻഡ്, ക്രൊയേഷ്യ ബെൽജിയം എന്നിങ്ങനെയുള്ള പ്രധാന ഏറ്റുമുട്ടലുകൾ ഉൾപ്പെടും.

# ടച്ച് പാനലുള്ള ആദ്യത്തെ വാഷിംഗ് മെഷീൻ ഹെയർ പുറത്തിറക്കി







ഗൃഹോപകരണങ്ങളിലും ഉപഭോക്തൃ ഇലക്ട്രോണിക്സിലും ആഗോളതലത്തിൽ മുൻനിരയിൽ നിൽക്കുന്ന, തുടർച്ചയായ 13 വർഷമായി പ്രധാന ഉപകരണങ്ങളുടെ ലോകത്തിലെ ഒന്നാം നമ്പർ ബ്രാൻഡായി നിലകൊള്ളുന്ന ഹെയർ, തങ്ങളുടെ അതിനൂതന എഐ-പ്രവർത്തനക്ഷമമാക്കിയ വിപ്ലവാത്മക വാഷിംഗ് മെഷീൻ സീരീസായ ഹെയർ 979 ഫ്രണ്ട് ലോഡ് വാഷിംഗ് മെഷീനുകൾ പുറത്തിറക്കി.ഇന്ത്യയിലെ പ്രാദേശിക നിർമ്മാണത്തിലൂടെ പ്രീമിയം ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിൽ ഹെയർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പൂനെയിലെ രഞ്ജൻഗാവിലും ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിലും ഉള്ള ബ്രാൻഡിന്റെ അത്യാധുനിക സൗകര്യങ്ങൾ, ഇന്ത്യൻ ഉപഭോക്താക്കൾക്കായി, പ്രത്യേകിച്ച് പ്രീമിയം, ഹൈ-എൻഡ് ഉൽപ്പന്നങ്ങൾ, പുതുതായി വികസിപ്പിക്കുന്നതിൽ ഉപയോഗപ്പെടുത്തുന്നു.പുതിയ ശ്രേണിയിലുള്ള വാഷിംഗ് മെഷീനുകൾ പുറത്തിറക്കുന്നതിനെ കുറിച്ച് സംസാരിച്ചുകൊണ്ട്, ഹെയർ അപ്ലയൻസസ് ഇന്ത്യ പ്രസിഡന്റ് ശ്രീ. സതീഷ് എൻ.എസ്. പറഞ്ഞു, "ഹെയറിൽ ഞങ്ങൾ ഉപഭോക്താവിന്റെ സൗകര്യത്തിന് മുൻഗണന നൽകാൻ പ്രതിജ്ഞാബദ്ധരാണ്. ദൈനംദിന ജീവിതം കൂടുതൽ സുഖകരമാക്കുന്ന പുതുമകൾ പങ്കിടാനും ഞങ്ങൾ ആവേശമുള്ളവരാണ്. ഞങ്ങളുടെ പുതിയ ഐഒടി-പ്രവർത്തനക്ഷമമാക്കിയ ഫ്രണ്ട് ലോഡ് സൂപ്പർ ഡ്രം 979 സീരീസ് വാഷിംഗ് മെഷീൻ തുണി അലക്കുന്ന കാര്യത്തിൽ എഐ-യിലെ പുരോഗതി പ്രയോജനപ്പെടുത്തുകയും ഉപഭോക്താക്കൾക്ക് ലളിതവും ബുദ്ധിപരവും വ്യക്തിഗതമാക്കിയതുമായ പരിഹാര മാർഗങ്ങൾ നൽകുകയും ചെയ്യുന്ന ഒരു മികച്ച കണ്ടുപിടുത്തമാണ്. ഈ പുതിയ ശ്രേണി ഉപഭോക്താക്കളുടെ ജീവിതശൈലി കൂടുതൽ മെച്ചപ്പെടുത്തുമെന്നും രാജ്യത്തുടനീളം ശക്തമായ സ്വീകാര്യത കൈവരിക്കുമെന്നും ഞങ്ങൾക്ക് ഉറപ്പുണ്ട്.""പുതിയവ അവതരിപ്പിക്കാനും ഉപഭോക്താക്കളുടെ ജീവിതത്തിന് പ്രചോദനമേകാനുമുള്ള ഒരു അവസരമാണ് ഉൽസവ സീസൺ. ഞങ്ങളുടെ അടുത്ത തലമുറയിലേക്കുള്ള ഐഒടി-പ്രവർത്തനക്ഷമമാക്കിയ ഈ ഉൽപ്പന്ന ശ്രേണിയിലൂടെ വാഷിംഗ് മെഷീൻ വിഭാഗത്തിൽ ഞങ്ങളുടെ വിപണി വിഹിതം 5 ശതമാനം വർദ്ധിപ്പിക്കാനാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ആകർഷകമായ ഓഫറുകൾ നിറഞ്ഞ പുതിയ ഉൽപ്പന്ന നിരയിൽ, ആഘോഷങ്ങളുടെ ഭാഗമാകാനും ഈ ആഘോഷ വേളയിൽ ആളുകൾക്ക് ഉത്സാഹം പകരാനും കഴിയുന്നതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ്." അദ്ദേഹം തുടർന്നു.എഐ-ഡിബിഎസ് (ഡൈനാമിക് ബാലൻസ് സിസ്റ്റം) സജ്ജീകരിച്ചിട്ടുള്ള നവീകരിച്ച സോഫ്റ്റ്വെയർ, വാഷ് സൈക്കിളിൽ ഉടനീളം വാഷിംഗ് മെഷീൻ സുസ്ഥിരവും നിശബ്ദവുമാണെന്ന് ഉറപ്പാക്കുന്നു. ആധുനിക വീടുകളുടെ സ്ഥല പരിമിതികൾ മനസ്സിൽപ്പിടിച്ചുകൊണ്ട്, ആ ആശങ്ക പരിഹരിക്കാനായി പുനർരൂപകൽപ്പന ചെയ്ത മെലിഞ്ഞ ബോഡിയുള്ള ഹെയറിന്റെ ഈ പുതിയ വാഷിംഗ് മെഷീൻ അടുക്കളയിലോ ശുചിമുറിയിലോ ബാൽക്കണിയിലോ വെച്ച് അനായാസം ഉപയോഗിക്കാൻ കഴിയും.3 വർഷത്തെ സമഗ്ര വാറന്റിയും 20 വർഷത്തേക്ക് മോട്ടോറിനും വാറന്റി നൽകുന്ന ചചചചചചഛണ100ആഉഢ14979S8ഡ1 എന്ന മോഡൽ വാഷിംഗ് മെഷിന്റെ ശേഷി 10 കിലോയും വില 95990 രൂപയുമാണ്.




# ലയനത്തിലൂടെ യുഎസ് ഓഹരി വിപണിയിലേക്ക് ഈ ഇന്ത്യൻ കമ്പനി

ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന സൂംകാർ ഓഹരി വിപണിയിലേക്ക്. എസ്പിഎസിയിലൂടെയാണ് നാസ്ഡാക്ക് ഓഹരി വിപണിയിലാണ് ലിസ്റ്റ് ചെയ്യുക.ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ലിസ്റ്റ് ചെയ്ത ഇന്നൊവേറ്റീവ് ഇന്റർനാഷണൽ അക്വിസിഷൻ കോർപറേഷനുമായി സൂംകാറിനെ ലയിപ്പിക്കും.ധനസമാഹരണത്തിനോ അല്ലെങ്കിൽ ഭാവിയിൽ ഏതെങ്കിലും കമ്പനികൾ ലയിപ്പിക്കാനോ ലക്ഷ്യമിട്ട് ഐപിഒ നടത്തുന്ന, ബിസിനസുകൾ ഒന്നുമില്ലാത്ത സ്ഥാപനങ്ങളാണ് എസ്പിഎസുകൾ. ലയനത്തിന് ശേഷം . എന്ന പേരിലാവും കമ്പനി ലിസ്റ്റ് ചെയ്യുക. 2021 നവംബറിൽ സീരീസ് ഇ ഫണ്ടിംഗിലൂടെ സൂംകാർ 92 മില്യൺ ഡോളർ സമാഹരിച്ചിരുന്നു.സ്വകാര്യ വ്യക്തികളുടെ കാറുകൾ വാടകയ്ക്ക് നൽകാൻ അവസരമൊരുക്കുന്ന പ്ലാറ്റ്ഫോം ആണ് സൂംകാർ. ഇന്ത്യയ്ക്ക് പുറമെ വിയറ്റ്നാം, ഈജിപ്ത്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലായി 50 നഗരങ്ങളിൽ സൂംകാർ സേവനങ്ങൾ ലഭ്യമാണ്. 2013ൽ പ്രവർത്തനം ആരംഭിച്ച സൂംകാർ പ്ലാറ്റ്ഫോമിൽ 25,000ൽ അധികം വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2021ൽ നടന്ന ഐപിഒയിലൂടെ ഇന്നൊവേറ്റീവ് ഇന്റർനാഷണൽ 230 മില്യൺ ഡോളർ സമാഹരിച്ചിരുന്നു.



# ഇന്ത്യൻ ഓഹരി വിപണികൾ നേട്ടത്തിൽ ക്ലോസ് ചെയ്തു

**മുംബൈ:** കഴിഞ്ഞ ദിവസങ്ങളിലെ തകർച്ചയെ അപ്രസക്തമാക്കി 1400 ലേറെ പോയന്റ് മുന്നേറ്റത്തിൽ തുടക്കമിട്ട സെൻസെക്സ് 684.64 പോയന്റ് നേട്ടത്തിലാണ് ക്ലോസ് ചെയ്തത്.നിഫ്റ്റി 17,185 നിലവാരത്തിൽ എത്തി. 171.40 പോയന്റാണ് നേട്ടം.പണപ്പെരുപ്പം ആഗോളതലത്തിൽ ചർച്ചാ വിഷയമാതോടെ കനത്ത ചാഞ്ചാട്ടമാണ് യുഎസ് സൂചികകളിൽ കഴിഞ്ഞ ദിവസമുണ്ടായത്. അതേസമയം, രാജ്യത്തെ ഊർജം, ഐടി കമ്പനികളുടെ മികച്ച പ്രവർത്തനഫലങ്ങൾ സൂചികകൾക്ക് കരുത്തായി. എന്നിരുന്നാലും വൻകിട ഓഹരികളിൽമാത്രം നേട്ടം ഒതുങ്ങുകയുംചെയ്തു.

FILM WORLD



## 'കാന്താര' യുടെ മലയാളം പതിപ്പ് ഒക്ടോബർ 20 നു തീയറ്ററുകളിലെത്തും

പൃഥ്വിരാജ് പ്രൊഡക്ഷൻസ് അവതരിപ്പിക്കുന്ന 'കാന്താര' യുടെ മലയാളം പതിപ്പ് ഒക്ടോബർ 20 നു തീയറ്ററുകളിലെത്തും.കെ ജി എഫ് എന്ന വിജയ ചിത്രത്തിനു ശേഷം പൃഥ്വിരാജ് പ്രൊഡക്ഷൻസ് അവതരിപ്പിക്കുന്ന ചിത്രം എന്ന പ്രത്യേകത കൂടി കാന്താരയ്ക്കുണ്ട്. റിഷഭ് ഷെട്ടി സംവിധാനം ചെയ്ത ചിത്രം മികച്ച പ്രതികരണങ്ങളാണ് കന്നഡ റിലീസിനു ശേഷം നേടിയത്. മിത്തിനു പ്രാധാന്യം നൽകി ഒരുക്കിയിരിക്കുന്ന ചിത്രം ഹൂംബലെ ഫിലിംസ് ആണ് നിർമ്മിച്ചിരിക്കുന്നത്. റിഷഭ് ഷെട്ടി, കിഷോർ, അച്യുത് കുമാർ, പ്രമോദ് ഷെട്ടി, സപ്തമി ഗൗഡ എന്നിവരാണ് ചിത്രത്തിലെ പ്രധാന വേഷങ്ങൾ അവതരിപ്പിക്കുന്നത്. 16 കോടി ബജറ്റിൽ നിർമ്മിച്ച ചിത്രം 80 കോടി കളക്ഷനാണ് നേടിയിരിക്കുന്നത്. സെപ്തംബർ 30 നായിരുന്നു ചിത്രം റിലീസിനെത്തിയത്.കെ ജി എഫിനു പുറമെ പേട്ട, ബിഗിൽ, 83, 777 ചാർലി എന്നീ അന്യ ഭാഷാ ചിത്രങ്ങളും പൃഥ്വിരാജ് പ്രെഡക്ഷൻസ് വിതരണത്തിനെത്തിച്ചിട്ടുണ്ട്.' ഡ്രൈവിങ്ങ് ലൈസൻസ് ' ന്റെ ഹിന്ദി പതിപ്പായ ' സെൽഫി' യാണ് കമ്പനിയുടെ ഏറ്റവും പുതിയ നിർമ്മാണ ചിത്രം. ഇതോടെ അന്യ ഭാഷാ ചിത്രങ്ങളുടെ നിർമ്മാണത്തിലേയ്ക്കു കാലെടുത്തു വയ്ക്കുകയാണ് പൃഥ്വിരാജ് പ്രൊഡക്ഷൻസ്.




## കാർത്തിയുടെ 'സർദാർ' റിലീസിനൊരുങ്ങുന്നു സെൻസറിംഗ് പൂർത്തിയായി

കാർത്തി നായകനായി എത്തുന്ന ഏറ്റവും പുതിയ ചിത്രമാണ് 'സർദാർ'. റിലീസിനൊരുങ്ങുന്നു ചിത്രത്തിന്റെ സെൻസറിംഗ് പൂർത്തിയായി.ഒക്ടോബർ 21ന് പ്രദർശനത്തിനെത്തുന്ന ചിത്രം സംവിധാനം ചെയ്യുന്നത് പിഎസ് മിത്രനാണ്. റൂബൻ എഡിറ്റിങ്ങും, ജോർജ്ജ് സി വില്യംസ് ഛായാഗ്രഹണവും നിർവ്വഹിക്കുന്ന ചിത്രത്തിന് യുഎ സർട്ടിഫിക്കറ്റാണ് ലഭിച്ചിരിക്കുന്നത്.കാർത്തിയുടെ കരിയറിലെ ഏറ്റവും മുതൽ മുടക്കിലുള്ള ചിത്രമായ 'സർദാറി'ന്റെ ദൈർഘ്യം രണ്ട് മണിക്കൂറും 40 മിനിട്ടുമാണ്. ജി വി പ്രകാശ് കുമാറാണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവ്വഹിക്കുന്നത്. റാഷി ഖന്ന, രജീഷ വിജയൻ എന്നിവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിലെത്തുന്നു. പ്രിൻസ് പിക്ചേഴ്സിന്റെ ബാനറിൽ ലക്ഷ്മൺ കുമാറാണ് 'സർദാർ' നിർമ്മിക്കുന്നത്. ഫോർച്യൂൺ സിനിമാസാണ് ചിത്രം കേരളത്തിൽ വിതരണത്തിനെത്തിക്കുന്നത്. പിഎസ് മിത്രൻ തന്നെയാണ് ചിത്രത്തിന്റെ തിരക്കഥയും എഴുതിയിരിക്കുന്നത്. 'വിരുമൻ', 'പൊന്നിയിൻ സെൽവൻ' എന്ന ചിത്രങ്ങൾക്ക് ശേഷം എത്തുന്ന 'സർദാറി'ൽ ഒരു സ്പൈ ആയിട്ടാണ് കാർത്തി ചിത്രത്തിൽ അഭിനയിക്കുന്നത്. അതുകൊണ്ട് തന്നെ വ്യത്യസ്ത ?ഗെറ്റപ്പുകളിൽ എത്തുന്ന കാർത്തിയുടെ മികച്ച പ്രകടനം പ്രേക്ഷകർക്ക് കാണാൻ സാധിക്കുമെന്ന് അണിയറ പ്രവർത്തകർ അറിയിച്ചു.കാർത്തിയെ കൂടാതെ ചുങ്കെ പാണ്ഡെ, ലൈല, യൂകി സേതു, ദിനേശ് പ്രഭാകർ, മുനിഷ് കാന്ത്, യോഗ് ജേപ്പീ, മൊഹമ്മദ്അലി ബൈഗ്, ഇളവരശ്, മാസ്റ്റർ ഋത്വിക്, അവിനാഷ്, ബാലാജി ശക്തിവേൽ, ആതിരാ പാണ്ടിലക്ഷ്മി, സഹനാ വാസുദേവൻ, മുരളി ശർമ്മ, എന്നിവരാണ് മറ്റു പ്രധാന അഭിനേതാക്കൾ.




## മോഹൻലാൽ ചിത്രം 'മോൺസ്റ്റർ' ഒക്ടോബർ 21ന്

'പുലിമുരുകൻ' എന്ന വമ്പൻ ഹിറ്റിന് ശേഷം, വരാനിരിക്കുന്ന 'മോൺസ്റ്റർ' എന്ന ചിത്രത്തിലൂടെ അതേ ടീം മറ്റൊരു ഹിറ്റ് നേടാനുള്ള ഒരുക്കത്തിലാണ്, ചിത്രത്തിന് ചെറിയ പ്രമോഷനുകളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും, മോഹൻലാൽ നായകനാകുന്ന ചിത്രത്തിനായുള്ള പ്രേക്ഷകർക്കിടയിൽ ശരിക്കും ഉയർന്ന പ്രതീക്ഷയാണ്.ഇപ്പോൾ ചിത്രത്തിലെ പുതിയ പോസ്റ്റർ പുറത്തുവിട്ടു. ചിത്രം ഒക്ടോബർ 21ന് പ്രദർശനത്തിന് എത്തുംമോഹൻലാലിന്റെ 'മോൺസ്റ്റർ' ഈ വർഷം ദീപാവലിക്ക് ഒക്ടോബർ 21 വലിയ സ്ക്രീനുകളിൽ എത്തും. ലക്കി സിങ്ങായി മോഹൻലാൽ അഭിനയിക്കുന്ന ചിത്രത്തിൽ ലക്ഷ്മി മഞ്ചു, ഹണി റോസ്, സുദേവ് ??നായർ, ജെസ് സ്വീജൻ എന്നിവരും അഭിനയിക്കുന്നു. സംഗീതം ഒരുക്കിയത് ദീപക് ദേവാണ്.

## ഒരു ഡീസന്റ് ത്രില്ലർ; 'വിചിത്രം' റിവ്യൂ




ഷൈൻ ടോം ചാക്കോ, ജോളി ചിറയത്ത് എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി നവാഗതനായ അച്ചു വിജയൻ സംവിധാനം ചെയ്ത വിചിത്രം ഇന്ന് തിയേറ്ററുകളിലെത്തി.ഒരു മിസ്റ്ററി ത്രില്ലറാണ് വിചിത്രം.ഒരമ്മയുടെയും അഞ്ചു മക്കളുടെയും ജീവിതത്തിലെ ചില വിചിത്രമായ സംഭവവികാസങ്ങളുടെ കഥയാണ് ചിത്രം പറയുന്നത്. ഇഷ്ടപ്പെട്ടയാളെ വിവാഹം ചെയ്തതിന്റെ പേരിൽ വീടു വിട്ടിറങ്ങേണ്ടി വന്നതാണ് ജാസ്മിന് (ജോളി ചിറയത്ത്). ഭർത്താവിന്റെ മരണത്തോടെ വീടിന്റെ ഉത്തരവാദിത്വം ജാസ്മിന്റെ തലയിലാണ്. ജീവിതത്തിൽ വലിയ ഉത്തരവാദിത്വബോധമൊന്നുമില്ലാതെ, എളുപ്പത്തിൽ കാശുകാരനാവാനുള്ള ആഗ്രഹവുമായി നടക്കുന്ന മൂത്തമകൻ ജാക്സൺ (ഷൈൻ ടോം ചാക്കോ), സോഷ്യൽ മീഡിയയും തന്റെ പ്രണയവുമൊക്കെയായി നടക്കുന്ന ജോയ്നർ (ബാലു വർഗീസ്) , മിതഭാഷിയായ ജസ്റ്റിൻ, ഇരട്ടകളായ സ്റ്റീഫൻ- സാവിയോ എന്നിവർക്കൊപ്പം കുഞ്ഞുകൂട്ടി പരാധീനതകളുമൊക്കെയായി കഴിയുന്നതിനിടയിൽ, സാഹചര്യവശാൽ തന്നെ ഇറക്കിവിട്ട അതേ വീട്ടിലേക്ക് ജാസ്മിന് മക്കളോടൊപ്പം തിരികെയെത്തേണ്ടി വരുന്നു. വിചിത്രമായ ചില അനുഭവങ്ങളാണ് ആ വീട്ടിൽ ജാസ്മിനെയും മക്കളെയും കാത്തിരുന്നത്. ചില നിഗൂഢതകൾ ആ വീടിനു പിന്നിലൊളിഞ്ഞിരിക്കുന്നുണ്ട്. അതെന്താണെന്ന അന്വേഷണമാണ് ചിത്രം.ഏതു നാട്ടിലും കണ്ടെത്താവുന്ന ഒന്നാണ് നിഗൂഢതകൾ ഒളിഞ്ഞിരിക്കുന്ന വീടുകളെ കുറിച്ചുള്ള പരശതം കഥകൾ. 'ഹോണ്ടഡ് ഹൗസ്' എന്ന ആശയത്തെ കേന്ദ്രീകരിച്ച് മലയാളത്തിൽ മുൻപും നിരവധി സിനിമകളുണ്ടായിട്ടുണ്ട്. 'ഭാർഗവി നിലയം' മുതലിങ്ങോട്ട് 'ഭൂതകാലം' വരെ നീളുന്ന ചിത്രങ്ങൾ. കഴിഞ്ഞ വാരം തിയേറ്ററുകളിലെത്തിയ റോഷാക്കിലും അത്തരമൊരു വീട് കാണാം. രാത്രി, ഇരുട്ട്, നിഴൽ രൂപം എന്നിവയോടൊക്കെ മനുഷ്യർക്കുള്ള സ്വാഭാവികമായ ചില ഭീതികളെയാണ് ഇത്തരം ചിത്രങ്ങളെല്ലാം അഡ്രസ് ചെയ്യുന്നത്. വിചിത്രവും മനുഷ്യർക്കുള്ള സഹജമായ ആ ഭീതികളെ അഡ്രസ് ചെയ്യുകയും അതുവഴി പ്രേക്ഷകരുമായി കണക്റ്റ് ചെയ്യുകയും ചെയ്യുന്നൊരു ചിത്രമാണ്. ഭയത്തിന്റെതായ ഒരു പശ്ചാത്തലം ചിത്രത്തെ എൻഗേജിങ് ആക്കി മുന്നോട്ട് നയിക്കാൻ സഹായിക്കുന്നുണ്ട്.ഷൈൻ ടോം, ജോളി ചിറയത്ത്, ബാലു വർഗീസ്, ലാൽ, ഇരട്ടകളായ ഷിയാൻ-ഷിഹാൻ, വിഷ്ണു ആനന്ദ്, കനി കുസൃതി, കേതകി നാരായൺ, ജെയിംസ് ഏലിയ, വിഷ്ണു ആനന്ദ് എന്നിവർ ശ്രദ്ധേയമായ പ്രകടനമാണ് കാഴ്ച വയ്ക്കുന്നത്. ഒരമ്മയും അഞ്ചു ആൺമക്കളും ഒത്തുചേരുന്ന ചിത്രത്തിലെ കുടുംബാന്തരീക്ഷവും കാഴ്ചയ്ക്കുടനീളം ഒരുന്മേഷം തരുന്നുണ്ട്. അങ്ങേയറ്റം ഡാർക്കായോ അല്ലെങ്കിൽ വൈകാരികമായോ ഒക്കെ പൊതുവെ അവതരിപ്പിക്കപ്പെടാറുള്ള അമ്മ-ആൺമക്കൾ ആത്മബന്ധത്തെ വളരെ റിയലിസ്റ്റിക്കായ രീതിയിലാണ് ഇവിടെ സംവിധായകനും എഴുത്തുകാരനും അവതരിപ്പിച്ചിരിക്കുന്നത്. സഹോദരങ്ങൾക്കിടയിലെ അടുപ്പം, വഴക്ക് എന്നിവയുടെ ചിത്രീകരണത്തിലും ആ റിയലിസ്റ്റിക് സമീപനം പ്രകടമായി കാണാം.പൊതുവെ മിസ്റ്ററി ചിത്രങ്ങളിലേക്ക് കടന്നുവരുന്ന പ്രേക്ഷകരുടെ യുക്തിയെ ചോദ്യം ചെയ്യുന്ന സംഭവങ്ങളൊന്നും വിചിത്രത്തിൽ ഇല്ല എന്നതാണ് ശ്രദ്ധേയമായൊരു വസ്തുത. വളരെ ചെറിയൊരു കഥയെ യുക്തിഭദ്രമായാണ് സംവിധായകൻ അച്ചു വിജയനും തിരക്കഥാകൃത്ത് നിഖിൽ രവീന്ദ്രനും അവതരിപ്പിച്ചിരിക്കുന്നത്. രാത്രി സീനുകളാൽ സമ്പന്നമായ ചിത്രത്തിന്റെ ഛായാഗ്രഹണവും മികവു പുലർത്തുന്നുണ്ട്. അർജുൻ ബാലകൃഷ്ണൻ ആണ് വിചിത്രത്തിന്റെ ഛായാഗ്രാഹകൻ. വിഷ്ണു ഗോവിന്ദിന്റെ സൗണ്ട് ഡിസൈനും ജുബൈർ മുഹമ്മദിന്റെ പശ്ചാത്തല സംഗീതവും ചിത്രത്തിന്റെ മിസ്റ്ററി മൂഡ് നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.വലിയ സംഭവവികാസങ്ങളോ ട്വിസ്റ്റോ ടേണോ ഒന്നുമില്ലെങ്കിലും മിസ്റ്ററി ത്രില്ലർ ആരാധകരുടെ ഇഷ്ടം കവരാൻ ചിത്രത്തിനു സാധിക്കും. ആദ്യം മുതൽ അവസാനം വരെ പ്രേക്ഷകരെ ആകാംക്ഷയോടെ കൂടെ നടത്തിക്കുന്ന ചിത്രം ഒരു ശരാശരി കാഴ്ചാനുഭവമാണ് സമ്മാനിക്കുന്നത്.



## തമിഴ് ചിത്രം വെപ്പണിലെ പുതിയ പോസ്റ്റർ

സത്യരാജിന്റെ വരാനിരിക്കുന്ന ആക്ഷൻ -ത്രില്ലർ ചിത്രമായ വെപ്പണിന്റെ പുതിയ പോസ്റ്റർ ഓൺലൈനിൽ പുറത്തിറങ്ങി.പുതിയ ലുക്കിലുള്ള സത്യരാജിന്റെ കഥാപാത്രത്തെ പോസ്റ്ററിൽ കാണിക്കുന്നു, അദ്ദേഹത്തിന്റെ അരികിൽ തീ ആളിപ്പടരുന്നു, പോസ്റ്ററിൽ ദ ഹണ്ട് ബിഗിൻസ് എന്ന അടിക്കുറിപ്പ് ഉണ്ടായിരുന്നു.ഗുഹൻ സെന്നിയപ്പൻ സംവിധാനം ചെയ്യുന്ന വെപ്പൺ സത്യരാജ്, റോക്കി ഫെയിം വസന്ത് രവി എന്നിവരാണ് പ്രധാന താരങ്ങൾ. സംവിധായകൻ മുമ്പ് ആമസോൺ പ്രൈം വീഡിയോയുടെ ആദ്യ തമിഴ് വെബ് സീരീസ് വെള്ളൈ രാജ സംവിധാനം ചെയ്യുകയും 2016 ൽ പുറത്തിറങ്ങിയ സവാരി എന്ന ചിത്രവും നിർമ്മിച്ചിരുന്നു.




## മികച്ച വിജയം നേടി റോഷാക്ക് പുതിയ പോസ്റ്റർ റിലീസ് ചെയ്തു

മമ്മൂട്ടി നായകനാകുന്ന ത്രില്ലർ ചിത്രം 'റോഷാക്ക്' 2022 ഒക്ടോബർ 7 ന് ലോകമെമ്പാടും റിലീസ്ചെയ്തു.സിനിമയുടെ പുതിയ പോസ്റ്റർ ഇപ്പോൾ റിലീസ് ചെയ്തു. മികച്ച പ്രതികരണം നേടി ചിത്രം മുന്നേറുകയാണ്.നിസാം ബഷീറാണ് ചിത്രം സംവിധാനം ചെയ്യുന്നത് . ചിത്രത്തിൻറെ ഭൂരിഭാഗവും ചിത്രീകരിച്ചത് കൊച്ചിയിലാണ്. ദുബായിൽ ഏതാനും ദിവസത്തെ ഷൂട്ടിംഗും ഉണ്ടായിരുന്നു. മമ്മൂട്ടിയെ കൂടാതെ ഷറഫുദ്ദീൻ, ജഗദീഷ്, ഗ്രേസ് ആൻറണി, ബിന്ദു പണിക്കർ, സഞ്ജു ശിവറാം, കോട്ടയം നസീർ, ബാബു അന്നൂർ, മണി ഷൊർണൂർ എന്നിവരും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്. നിമിഷ് രവിയാണ് ഛായാഗ്രാഹകൻ.പ്രൊജക്റ്റ് ഡിസൈനർ ബാദുഷ. ചിത്രത്തിൻറെ എഡിറ്റിംഗ് കിരൺ ദാസ്, സംഗീതം മിഥുൻ മുകുന്ദൻ, കലാസംവിധാനം ഷാജി നടുവിൽ, പ്രൊഡക്ഷൻ കൺട്രോളർ പ്രശാന്ത് നാരായണൻ, ചമയം റോണക്സ് സേവ്യർ & എസ് ജോർജ്, വസ്ത്രാലങ്കാരം സമീറ സനീഷ്. വിതരണം വേ ഫെയർ. പി ആർ ഓ പ്രതീഷ് ശേഖർ.



# ട്വന്റി 20 ലോകകപ്പ്: ബുംറക്ക് പകരം മുഹമ്മദ് ഷമി

ഒക്ടോബർ 16ന് ആസ്ട്രേലിയയിൽ ആരംഭിക്കുന്ന ടിന്റി 20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ പരിക്കേറ്റ ജസ്പ്രീത് ബുംറക്ക് പകരം മുഹമ്മദ് ഷമിയെ ഉൾപ്പെടുത്തി. ടിന്റി 20 ലോകകപ്പ് ടീമിന്റെ സ്റ്റാൻഡ്ബൈ ലിസ്റ്റിൽ ഷമിയെ ആദ്യം ഉൾപ്പെടുത്തിയിരുന്നു. ബുംറയുടെ പരിക്ക് വെറ്ററൻ പേസർക്ക് അവസരമൊരുക്കുകയായിരുന്നു. മുഹമ്മദ് സിറാജിനെയും ഷാർദുൽ താക്കൂറിനെയും സ്റ്റാൻഡ്ബൈ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവർ ഉടൻ ആസ്ട്രേലിയയിലേക്ക് തിരിക്കും. ബുംറക്ക് പകരം ദീപക് ചാഹറിനെയും പരിഗണിച്ചിരുന്നെങ്കിലും പരിക്ക് വില്ലനായി. ഒക്ടോബർ 23ന് പാകിസ്താനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.'ഇന്ത്യയുടെ ടിന്റി 20 ലോകകപ്പ് ടീമിൽ ജസ്പ്രീത് ബുംറയുടെ പകരക്കാരനായി മുഹമ്മദ് ഷമിയെ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തു. താരം ആസ്ട്രേലിയയിലെ ബ്രിസ്ബെയ്നിൽ ടീമിനൊപ്പം ചേരും,' ബി.സി.സി.ഐ അറിയിച്ചു. ഇന്ത്യൻ ഫാസ്റ്റ് ബൗളിങ് നിരയിൽ ഇപ്പോൾ ഷമി, ഭുവനേശ്വർ കുമാർ, ഹർഷൽ പട്ടേൽ, അർഷ്ദീപ് സിങ് എന്നിവരാണുള്ളത്.ലോകകപ്പിനുള്ള ഇന്ത്യൻ ടീം: രോഹിത് ശർമ (ക്യാപ്റ്റൻ), കെ.എൽ രാഹുൽ (വൈസ് ക്യാപ്റ്റൻ), വിരാട് കോഹ്‍ലി, സൂര്യകുമാർ യാദവ്, ദീപക് ഹൂഡ, ഋഷഭ് പന്ത് (വിക്കറ്റ് കീപ്പർ), ദിനേഷ് കാർത്തിക് (വിക്കറ്റ് കീപ്പർ), ഹാർദിക് പാണ്ഡ്യ, ആർ. അശ്വിൻ, യുസ്വേന്ദ്ര ചാഹൽ, അക്സർ പട്ടേൽ, ഭുവനേശ്വർ കുമാർ, ഹർഷൽ പട്ടേൽ, അർഷ്ദീപ സിങ്, മുഹമ്മദ് ഷമി.




# ലോകമെങ്ങും ഫാൻ ഫെസ്റ്റിവൽ

**ദോഹ:** ലോകകപ്പ് വേദികളിൽ കളി മുറുകുമ്പോൾ മൊബൈൽ ഫോണിനും ടി.വി സ്ക്രീനിനും മുന്നിൽ മുതൽ കൂറ്റൻ സ്ക്രീൻ ഒരുക്കിവരെ ആവേശം പൊടിപൊടിക്കുന്നത് സാർവദേശീയ കാഴ്ചയാണ്. എന്നാൽ, ഇക്കുറി ലോകകപ്പിന്റെ മുഖ്യ സംഘാടകരായ ഫിഫ തന്നെ കളിയുത്സവത്തിന്റെ പകർപ്പ് വിവിധ വിദേശരാജ്യങ്ങളിലേക്ക് പറിച്ചുനടുകയാണ്.ദോഹയിൽ അൽബിദ്ദ പാർക്കിൽ 40,000 പേർക്ക് ഒരേസമയം കളികാണാനുള്ള സൗകര്യമായ ഫിഫ ഫാൻ ഫെസ്റ്റിവൽ മാതൃകയിൽ ഇത്തവണ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ചു രാജ്യങ്ങളിലെ ആറു നഗരങ്ങളിൽ കൂടിയാണ് ഫാൻ ഫെസ്റ്റിവൽ സജ്ജീകരിക്കുന്നത്. ആഗോള സ്പോൺസർമാരിൽ ഒരാളായ ബഡ്വൈസറും ഉപ ബ്രാൻഡുകളായ കൊറോണ, ബ്രഹ്മ എന്നിവരുമായി ചേർന്നാണ് ലണ്ടൻ, മെക്സികോ സിറ്റി, റിയോ ഡെ ജനീറോ, സാവോപോളോ, സോൾ, ദുബൈ എന്നിവിടങ്ങളിൽ ഫിഫ ഫാൻ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.യു.എ.ഇയിലെ ദുബൈ ഹാർബർ, ലണ്ടനിലെ ഔട്ടർനെറ്റ്, മെക്സികോ സിറ്റിയിലെ പ്ലാസ ഡി ലാ റിപ്പബ്ലിക, റിയോ ഡെ ജനീറോയിലെ കോപ കബാന ബീച്ച്, സാവോപോളോയിലെ വാലി ഡൊ അനംഗബോ, ദക്ഷിണ കൊറിയൻ തലസ്ഥാനമായ സോൾ എന്നിവയാണ് ഫിഫ തിരഞ്ഞെടുത്ത വേദികൾ. ലോകകപ്പുകളുടെ ഭാഗമായി ഫാൻ ഫെസ്റ്റിവൽ ഒരുക്കാറുണ്ടെങ്കിലും ഇതാദ്യമായാണ് ഫിഫ ഫാൻ ഫെസ്റ്റിവൽ അവതരിപ്പിക്കുന്നത്.




# ഏഷ്യൻ അണ്ടർ 18 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് തുടക്കം

**കുവൈത്ത് സിറ്റി:** നാലാമത് ഏഷ്യൻ അണ്ടർ 18 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് കുവൈത്തിൽ തുടക്കമായി. ഷോട്ട് പുട്ടിൽ ഇന്ത്യയുടെ ആകാശ് യാദവ് സ്വർണവും സിദ്ധാർത്ഥ് ചൗദരി വെങ്കലവും നേടി.ആദ്യ ദിനത്തിൽ ആൺകുട്ടികളുടെ 1500 മീറ്ററിൽ ഇന്ത്യയുടെ അമിത് ചൗധരി സ്വർണം നേടി. നാലു ദിവസം നീളുന്ന മത്സരത്തിൽ വ്യാഴാഴ്ച വനിത ഹാമർ ത്രോ, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും 100 മീറ്റർ, 400 മീറ്റർ സ്പ്രിന്റ് യോഗ്യത മത്സരങ്ങൾ, മൂന്ന് ഡെക്കാത്‌ലൺ ഇനങ്ങൾ (100 മീറ്റർ, ലോങ് ജംപ്, ഷോട്ട്പുട്ട്) എന്നിവ നടന്നു.വൈകുന്നേരം, 110 മീറ്റർ ഹർഡ്ൽസ് പ്രാഥമിക മത്സരങ്ങൾ, ഷോട്ട്പുട്ട്, പെൺകുട്ടികളുടെ ലോങ്ജംപ്, പുരുഷ-വനിത 1500 മീറ്റർ ഫൈനലുകൾ എന്നിവ നടന്നു. കുവൈത്ത്, സൗദി അറേബ്യ, ഖത്തർ, ബഹ്റൈൻ, ഒമാൻ, സിറിയ, ലബനാൻ, ജോർഡൻ, ഫലസ്തീൻ, യമൻ, ഇറാഖ്, ഇറാൻ, ബംഗ്ലാദേശ്, പാകിസ്താൻ, ബ്രൂണെ, ചൈനീസ് തായ്പേയ്, ഹോങ്കോങ്, ഇന്ത്യ, ഇന്തോനേഷ്യ, കസാഖ്സ്താൻ, ദക്ഷിണ കൊറിയ, കിർഗിസ്താൻ, ലാവോസ്, തായ്‍ലൻഡ്, മലേഷ്യ, നേപ്പാൾ, മാലദ്വീപ്, ഫിലിപ്പീൻസ്, സിംഗപ്പൂർ, താജികിസ്താൻ, വിയറ്റ്നാം, ഉസ്ബകിസ്താൻ തുടങ്ങിയ രാജ്യങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുന്നുണ്ട്.




# മാർച്ചിൽ വനിത ഐ.പി.എൽ തുടങ്ങും; അഞ്ച് ടീമുകൾ, അഞ്ച് വിദേശതാരങ്ങളെ കളിപ്പിക്കാം

മുംബൈ: വനിത ഐ.പി.എൽ മാർച്ചിൽ നടക്കുമെന്ന് ബി.സി.സി.ഐ. അഞ്ച് ടീമുകളാവും ടൂർണമെന്റിൽ കളിക്കുക. 20 മത്സരങ്ങളുണ്ടാവും. എല്ലാ ടീമുകളും പരസ്പരം രണ്ട് തവണ ഏറ്റുമുട്ടും. ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച ഒരു ടീം ഫൈനലിൽ കളിക്കും. രണ്ടാമതും മൂന്നാമതുമെത്തുന്ന ടീമുകൾ എലിമിനേറ്ററിൽ മാറ്റുരക്കും.അഞ്ച് വിദേശതാരങ്ങളെ മാത്രമാണ് പ്ലേയിങ് ഇലവനിൽ അനുവദിക്കുക. ഇതിൽ നാല് പേർ ഐ.സി.സിയുടെ പൂർണാംഗത്വമുള്ള രാജ്യങ്ങളിൽ നിന്നാവണം. ഭാഗിക അംഗത്വമുള്ള രാജ്യങ്ങളിൽ നിന്നുള്ള ഒരു കളിക്കാരനേയും ഉൾപ്പെടുത്താം.ഫെബ്രുവരിയിൽ നടക്കുന്ന വനിത ടിന്റി 20 ലോകകപ്പിന് പിന്നാലെയാവും ഐ.പി.എല്ലും നടക്കുക. മത്സരത്തിനായി കൊച്ചിയും പരിഗണനയിലുണ്ട്. 10 മത്സരങ്ങൾ ഒരുവേദിയിലും മറ്റ് 10 എണ്ണം രണ്ടാമത്തെ സ്റ്റേഡിയത്തിലുമെന്ന രീതിയിലുമാവും നടക്കുകയെന്ന റിപ്പോർട്ടുണ്ട്.




# പാകിസ്താനിൽ കളിക്കാൻ തയാർ; നിലപാട് മാറ്റി ബി.സി.സി.ഐ

**ന്യൂഡൽഹി:** 2023 ഏഷ്യ കപ്പിൽ പാകിസ്താനിൽ പോയി കളിക്കുന്നതിൽ എതിർപ്പില്ലെന്ന് അറിയിച്ച് ബി.സി.സി.ഐ. കേന്ദ്ര സർക്കാറിന്റെ അനുമതി ലഭിക്കുന്നതിന് അനുസരിച്ച് ടീമിനെ അയക്കുമെന്നാണ് ബി.സി.സി.ഐ വ്യക്തമാക്കുന്നത്. ഒക്ടോബർ 18ന് നടക്കുന്ന ജനറൽ മീറ്റിങ്ങിന് മുമ്പായി സംസ്ഥാന അസോസിയേഷനുകൾക്ക് നൽകിയ കുറിപ്പിലാണ് ബി.സി.സി.ഐ ഇക്കാര്യം വ്യക്തമാക്കുന്നത്.2023ൽ ഐ.സി.സി വനിത ടിന്റി 20 ലോകകപ്പ് ദക്ഷിണാഫ്രിക്ക, ഐ.സി.സി അണ്ടർ 19 വനിത ടിന്റി 20 ലോകകപ്പ് ദക്ഷിണാഫ്രിക്ക, ഏഷ്യ കപ്പ് പാകിസ്താൻ, ഐ.സി.സി ലോകകപ്പ് ഇന്ത്യ എന്നിവയിൽ പങ്കെടുക്കുമെന്നാണ് ബി.സി.സി.ഐ അറിയിച്ചിരിക്കുന്നത്.2023ന്റെ രണ്ടാംപാദത്തിലാണ് ലോകകപ്പ് നടക്കുക. ദീർഘകാലമായി ഇന്ത്യ പാകിസ്താനിൽ മത്സരം കളിച്ചിട്ടില്ല. ബി.സി.സി.ഐ ജനറൽ സെക്രട്ടറി ജയ് ഷാ ഉൾപ്പടെയുള്ളവർ ഇക്കാര്യത്തിൽ പ്രതികരിച്ചിട്ടില്ല. അതേസമയം, കേന്ദ്രസർക്കാറിന്റെ അനുമതിയില്ലാതെ ഇന്ത്യക്ക് പാകിസ്താനിൽ കളിക്കാനാവില്ല.





# നെയ്മർ കുടുങ്ങുമോ ? വഞ്ചന–അഴിമതി കേസിൽ വിചാരണ അടുത്തയാഴ്ച

**വാഷിങ്ടൺ:** ബ്രസീലിയൻ ഫുട്ബാൾ താരം നെയ്മറിനെതിരായ വഞ്ചന-അഴിമതി കേസിൽ വിചാരണ അടുത്തയാഴ്ച തുടങ്ങും. 2013ൽ സാന്റോസിൽ നിന്നും ബാഴ്സലോണയിലേക്കുള്ള നെയ്മറിന്റെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ടാണ് കേസ്. ബ്രസീലിയൻ നിക്ഷേപക സ്ഥാപനമായ ഡി.ഐ.എസാണ് പരാതിക്കാരൻ. നെയ്മറെ ജയിലിലടക്കണമെന്നാണ് പരാതിക്കാർ ആവശ്യപ്പെടുന്നത്.നെയ്മറെ കൂടാതെ മാതാപിതാക്കൾ, രണ്ട് ക്ലബ് ഉടമകൾ, മുൻ ബാഴ്സലോണ പ്രസിഡന്റുമാരായ ജോസഫ് മരിയ ബാർത്യുമു. സാൻഡ്രോ റോസൽ എന്നിവരും കേസിൽ പ്രതികളാണ്. മുൻ സാന്റോസ് പ്രസിഡന്റ് ഒഡിലിയോ റോഡ്രിഗസും പ്രതിയാണ്.17ാം വയസിൽ നിക്ഷേപക സ്ഥാപനമായ ഡി.ഐ.എസ് നെയ്മറിന് മേലുള്ള 40 ശതമാനം അവകാശം സ്വന്തമാക്കിയിരുന്നു. എന്നാൽ, ഡി.ഐ.എസിന്റെ അനുമതിയില്ലാതെ കുറഞ്ഞ വിലക്ക് നെയ്മറെ ബാഴ്സലോണ സ്വന്തമാക്കിയതുമായി ബന്ധപ്പെട്ടാണ് വിവാദം ഉയർന്നത്.

EDITORS CHOICE

# ലോക വിദ്യാർത്ഥി ദിനം

ഒക്ടോബർ 15 മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാമിന്റെ ജന്മദിനം ഭാരതത്തിന്റെ ബഹിരാകാശ-പ്രതിരോധ സ്വപ്നങ്ങൾക്ക് അഗ്നിച്ചിറകേകിയ കർമയോഗിയുടെ പിറന്നാൾ ദിനം എല്ലാ വർഷവും ലോക വിദ്യാർത്ഥി ദിനം കൂടിയായാണ് നാം ആചരിക്കുന്നത്. ഐക്യരാഷ്ട്ര സഭയാണ് ഇതിന് തുടക്കമിട്ടത്.ഭാരതത്തിന്റെ മിസൈൽ മാൻ എന്നറിയപ്പെടുന്ന കലാം 2002 മുതൽ 2007 വരെയുള്ള കാലഘട്ടത്തിലാണ് ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനം അലങ്കരിക്കുന്നത്. 11-ാമത് ഇന്ത്യൻ രാഷ്ട്രപതിയായ അദ്ദേഹം ഒരു ബഹിരാകാശ ശാസ്ത്രജ്ഞൻ മാത്രമായിരുന്നില്ല, അദ്ധ്യാപകൻ കൂടിയായിരുന്നു. ഇഷ്ട മേഖല അദ്ധ്യാപനമായതിനാൽ ലോകം കലാമിനെ ഒരദ്ധ്യാപകനായി ഓർക്കണമെന്നായിരുന്നു അദ്ദേഹം ആഗ്രഹിച്ചതും. 2015 ജൂലൈ 27ന് ലോകത്തോട് വിടപറയുമ്പോൾ ഏറെ ഇഷ്ടപ്പെട്ടിരുന്ന അദ്ധ്യാപന വൃത്തിയാണ് അദ്ദേഹം ചെയ്തിരുന്നത്. ഷില്ലോങ്ങിൽ വിദ്യാർത്ഥികളുമായുള്ള പ്രഭാഷണ പരിപാടിക്കിടെ ഹൃദയാഘാതത്താൽ കുഴഞ്ഞുവീണായിരുന്നു കലാമിന്റെ അന്ത്യം. കുട്ടികളോടുള്ള ഇടപെടലും സ്നേഹവാത്സല്യങ്ങളും അദ്ധ്യാപനവൃത്തിയോടുള്ള അദ്ദേഹത്തിന്റെ മനോഭാവവുമാണ് കലാമിന്റെ ജന്മദിനം ലോക വിദ്യാർത്ഥി ദിനമായി തിരഞ്ഞെടുക്കാൻ കാരണമായത്.ഇന്ത്യയിലും വിദേശത്തുമായി 48 സർവകലാശാലകളിൽ നിന്നും ഓണററി ഡോക്ടറേറ്റുകൾ ലഭിച്ചിട്ടുള്ളയാളാണ് കലാം. ബഹുമാനപ്പെട്ട സിവിലിയൻ പുരസ്കാരങ്ങളും അദ്ദേഹം നേടിയിട്ടുണ്ട്. 1981ൽ പത്മഭൂഷണും 1990ൽ പത്മവിഭൂഷണും 1997ൽ ഭാരതരത്നയും അദ്ദേഹത്തെ തേടിയെത്തി. പ്രധാനമന്ത്രിയുടെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവായി ഏഴ് വർഷവും ഡിആർഡിഒയുടെ സെക്രട്ടറിയായും കലാം സേവനമനുഷ്ഠിച്ചിട്ടുണ്ട്.വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെയും വിദ്യാർത്ഥി സ്വപ്നങ്ങളെയും കുറിച്ച് കലാമിന്റെ ചില ഉദ്ധരണികളിതാ..അറിവ്, കഠിനാധ്വാനം, സ്ഥിരോത്സാഹം എന്നിവയോടൊപ്പം വലിയൊരു ലക്ഷ്യമുണ്ടെങ്കിൽ ജീവിതത്തിൽ എന്തും നിങ്ങൾക്ക് നേടിയെടുക്കാം.രാജ്യം അഴിമതി രഹിതമാകണമെങ്കിൽ സമൂഹത്തിലെ മൂന്ന് വ്യക്തികൾക്കാണ് അതിലേക്ക് നമ്മെ നയിക്കാൻ കഴിയുക. അച്ഛൻ, അമ്മ, അദ്ധ്യാപകൻ എന്നിവരാണവർ.ഒരാളുടെ ഭാവി, കഴിവുകൾ,




വ്യക്തിത്വം എന്നിവ വാർത്തെടുക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്ന അതിശ്രേഷ്ഠമായ തൊഴിലാണ് അദ്ധ്യാപനം..ആകാശം നോക്കൂ.. നാം ഒറ്റക്കല്ലെന്ന് നമുക്ക് തോന്നും.. സ്വപ്നം കാണുന്നവർക്കും അതിനായി പ്രയത്നിക്കുന്നവർക്കും വേണ്ടി ഈ ഭൂലോകം മുഴുവൻ നമ്മോട് കൂടെയുണ്ടാകും.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com